2023
JUNE
21
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## എലിപ്പനി, ഡെങ്കിപ്പനി, മലേറിയ പടരുന്നു

**തിരുവനന്തപുരം:** പനിപ്പേടിയിൽ കേരളം. ഇന്നലെ ഒറ്റ ദിവസം സർക്കാർ ആശുപത്രികളിൽ മാത്രം പനിക്ക് ചികിത്സ തേടിയത് പതിമൂവായിരത്തോളം പേർ. ആറു മാസത്തിനിടെ എലിപ്പനി ബാധിച്ച് മരിച്ചവരുടെ എണ്ണം 68 ആയി ഉയർന്നു. എലിപ്പനിക്കും ഡെങ്കിപ്പനിക്കുമൊപ്പം മലേറിയയും പടരുന്നു. മലപ്പുറം ജില്ലയിൽ ഡെങ്കിപ്പനി ബാധിച്ച് രണ്ടു മരണം സ്ഥിരീകരിച്ച സാഹചര്യത്തിൽ പൊതുജനങ്ങൾ പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് ആരോഗ്യവകുപ്പ് അറിയിച്ചു. ജില്ലയിലെ പ്രധാനപ്പെട്ട ആശുപത്രികളിലെല്ലാം ഡെങ്കിവാർഡ് ആരംഭിച്ചിട്ടുണ്ട്.

പതിവ് തെറ്റിക്കാതെ ഈ മഴക്കാലത്തും സംസ്ഥാനം സാംക്രമിക രോഗങ്ങളുടെ പിടിയിൽ അമർന്നു. ഇന്നലെ സാധാരണ പനിക്ക് ചികിത്സ തേടിയവരുടെ എണ്ണം 12,984 ആയി ഉയർന്നു. ഈ മാസം പനി ബാധിച്ചവരുടെ എണ്ണം 1,61,346.

എലിപ്പനിയാണ് കൂടുതൽ അപകടകാരി. മൂന്നാഴ്ചക്കിടെ 77 പേർക്ക് രോഗം സ്ഥിരീകരിച്ചപ്പോൾ 116 പേർക്ക് ലക്ഷണങ്ങളുണ്ട്. 27 പേരുടെ ജീവൻ പൊലിഞ്ഞു. മറ്റൊരു 41 പേർ മരിച്ചത് എലിപ്പനി ലക്ഷണങ്ങളോടെയാണ്. ഈ വർഷം ആകെ 68 എലിപ്പനി മരണം. ഡെങ്കിപ്പനിയും അതിവേഗം വ്യാപിക്കുകയാണ്. ഈ മാസം 1008 പേർക്ക് രോഗം ബാധിച്ചു. മരണസംഖ്യ 16 ആയി ഉയർന്നു. എറണാകുളമാണ് ഡെങ്കിപ്പനി തലസ്ഥാനം. പത്തനംതിട്ട, കൊല്ലം, കോട്ടയം, മലപ്പുറം ജില്ലകളിലാണ് എലിപ്പനി രൂക്ഷം. ഏറെക്കുറെ വരുതിയിലായെന്ന് കരുതിയിരുന്ന മലേറിയ പല ജില്ലകളിലും റിപ്പോർട്ട് ചെയ്യപ്പെടുന്നതും ആശങ്കയാണ്. ഇന്നലെ മലപ്പുറത്ത് ഒരാൾക്കും കോട്ടയം ജില്ലയിലെ കറുകച്ചാലിലും രാമപുരത്തുമായി രണ്ടു പേർക്കും മലേറിയ സ്ഥിരീകരിച്ചു. ഈ മാസം 27 പേർക്ക് രോഗം ബാധിച്ചു. കേരളം പനിച്ച് വിറയ്ക്കുമ്പോഴും കൊതുകിന്റെ ഉറവിട നശീകരണവും മലിന ജലത്തിലിറങ്ങുന്നവർ ഡോക്സിസൈക്ലിൻ കഴിക്കണം എന്ന നിർദേശം നൽകലും മാത്രമാണ് സർക്കാർ നടപടി. എലി നശീകരണത്തിന് തദ്ദേശ സ്ഥാപനങ്ങൾ അനങ്ങിയിട്ടില്ല. അടിയന്തര കൊതുകു നശീകരണമോ എലികൾ പെറ്റുപെരുകുന്ന മാലിന്യക്കൂനകൾ നീക്കുന്നതോ ഒന്നും പരിഗണിക്കുന്നതേ ഇല്ല.

# കേരളത്തിലെ സാന്നിധ്യം വർധിപ്പിച്ച് നന്ദിനി

- വില കുറച്ചു വിൽക്കാൻ അനുവദിക്കില്ലെന്ന് കേരള സർക്കാർ
- 21 രൂപയുടെ പാലിന് 29 രൂപ, എട്ട് രൂപ കൂടുതൽ
- സംസ്ഥാന സർക്കാർ നടപടി ജനദ്രോഹം



**കൊച്ചി:** ഇന്ത്യയിലെ വലിയ രണ്ടാമത്തെ പാൽ പാൽ അധിഷ്ഠിത ഉൽപന്ന ബ്രാൻഡായ 'നന്ദിനി' കേരളത്തിലെ സാന്നിധ്യം വർധിപ്പിക്കുന്നു. കർണാടക കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് ഫെഡറേഷന്റെ (കെഎംഎഫ്) ഈ ബ്രാൻഡ് കേരളത്തിൽ 6 ഔട്ലറ്റുകൾ തുടങ്ങി. 3 ഔട്ലെറ്റുകൾ കൂടി ഉടൻ ആരംഭിക്കും. എറണാകുളം ജില്ലയിലെ കാക്കനാട്, എളമക്കര, പത്തനംതിട്ട ജില്ലയിലെ പന്തളം, മലപ്പുറം ജില്ലയിലെ മഞ്ചേരി, തിരൂർ, ഇടുക്കി ജില്ലയിലെ തൊടുപുഴ എന്നിവിടങ്ങളിലാണ് ഔട്ലെറ്റുകൾ പ്രവർത്തിക്കുന്നത്.

കോഴിക്കോട്, തലശ്ശേരി, ഗുരുവായൂർ എന്നിവിടങ്ങളിലാണ് ഇനി തുടങ്ങുക. കുറഞ്ഞ വിലയിലാണു നന്ദിനി പാൽ ലഭ്യമാക്കിയിരുന്നതെങ്കിലും സംസ്ഥാനത്തെ ജനദ്രോഹ സർക്കാർ പ്രതിഷേധം അറിയിച്ചതോടെ വില കൂട്ടി. കർണാടകയിൽ 500 മില്ലിലീറ്റർ നന്ദിനി പാലിന് 21 രൂപയാണു വില. കേരളത്തിൽ 29 രൂപയും. പാൽ അധിഷ്ഠിത ഉൽപന്നങ്ങൾക്ക് വില കുറവാണെന്നു നന്ദിനി അധികൃതർ പറഞ്ഞു. പാൽ, ഐസ്ക്രീം, പനീർ, ചീസ്, ചോക്കലേറ്റ്, കുക്കീസ് തുടങ്ങി 600 ലേറെ ഉൽപന്നങ്ങളാണു നന്ദിനി ലഭ്യമാക്കുന്നത്.

കേരളത്തിലെ പാൽ വിപണി വാഴുന്ന 'മിൽമ'യുടെ ഉടമകളായ കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിങ് ഫെ!ഡറേഷന്റെ കടുത്ത പ്രതിഷേധത്തിനിടയിലാണ് കർണാടകയിൽ നിന്നുള്ള 'നന്ദിനി' വിതരണ ശൃംഖല ശക്തിപ്പെടുത്താൻ ഒരുങ്ങുന്നത്.

ക്ഷീരോൽപാദക സഹകരണ സംഘങ്ങളുടെ കൂട്ടായ്മയാണു മിൽമയും നന്ദിനിയും എന്നതും കൗതുകം. ഒരു സംസ്ഥാനത്തിന്റെ സഹകരണ സ്ഥാപനം മറ്റൊരു സംസ്ഥാനത്തിന്റെ സഹകരണ സ്ഥാപനത്തിന്റെ വിപണിയിൽ നേരിട്ട് ഇടപെടുന്നതു സഹകരണ തത്വങ്ങൾക്കും അടിസ്ഥാന മൂല്യങ്ങൾക്കും എതിരാണെന്ന നിലപാടിലാണു മിൽമ.

നാഷനൽ കോ ഓപ്പറേറ്റീവ് ഡയറി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ അടുത്ത ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗത്തിൽ ഈ വിഷയം ഉന്നയിക്കാനാണു മിൽമയുടെ നീക്കം.

## അർബൻ ബാങ്ക് പുതിയ ഇളവുകൾ കേരളത്തിന് ഗുണമാകില്ല

**തൃശൂർ:** പുതിയ ശാഖകൾ തുടങ്ങുന്നതിലടക്കം അർബൻ കോഓപ്പറേറ്റിവ് ബാങ്കുകൾക്കു കേന്ദ്ര ധനമന്ത്രാലയം പ്രഖ്യാപിച്ച പുതിയ ഇളവുകൾ കേരളത്തിനു കാര്യമായ ഗുണം ചെയ്യില്ല. സാമ്പത്തികമായി ശക്തമായ അർബൻ ബാങ്കുകൾക്കു മാത്രമുള്ള ആനുകൂല്യങ്ങളാണിത്. ഈ വിഭാഗത്തിൽ എത്തിപ്പെടുക ഏറെ പ്രയാസകരമാണ്. ബ്രാഞ്ചുകൾ തുടങ്ങാൻ റിസർവ് ബാങ്കിന്റെ മുൻകൂർ അനുമതി വേണ്ടെന്ന പ്രഖ്യാപനം ആദ്യം അർബൻ ബാങ്കുകളെ സന്തോഷിപ്പിച്ചിരുന്നു. 5 ബ്രാഞ്ചുകൾ വരെ തുടങ്ങാനാണ് ഈ ആനുകൂല്യം. എന്നാൽ നിബന്ധനകൾ വ്യക്തമാകുന്നതോടെ സന്തോഷം മങ്ങുകയാണ്. നിഷ്ക്രിയ ആസ്തി നിബന്ധനയാണ് ഇതിലെ പ്രധാന തടസ്സം.





# കോന്നി മെഡിക്കൽ കോളജിനെ പൂർണതോതിൽ പ്രവർത്തനസജ്ജമാക്കും: മന്ത്രി വീണാ ജോർജ്

**കോന്നി:** മെഡിക്കൽ കോളജിനെ എത്രയും വേഗം പൂർണതോതിൽ പ്രവർത്തനസജ്ജമാക്കുകയാണ് ലക്ഷ്യമെന്നു മന്ത്രി വീണാ ജോർജ്. കോന്നി മെഡിക്കൽ കോളജിൽ അഞ്ച് കോടി രൂപ ചെലവഴിച്ച് സ്ഥാപിച്ച പുതിയ സിടി സ്കാൻ മെഷീൻറെ ഉദ്ഘാടനം നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്ത് വളരെ കുറച്ച് മെഡിക്കൽ കോളജുകളിൽ മാത്രമുള്ള 128 സ്ലൈസ് സിടി സ്കാനറാണ് കോന്നിയിൽ സ്ഥാപിച്ചിട്ടുള്ളത്. വിവിധ രോഗനിർണയങ്ങൾക്കുള്ള സിടി സ്കാൻ സൗകര്യം സാധാരണക്കാർക്ക് ഇനി സൗജന്യമായോ വളരെ കുറഞ്ഞ ചെലവിലോ ലഭ്യമാകും.

3.30 കോടി രൂപ ചെലവഴിച്ച് ലക്ഷ്യ നിലവാരത്തിലുള്ള ലേബർ റൂമിൻറെ നിർമാണം പുരോഗമിക്കുന്നു. ബ്ലഡ് ബാങ്കിനായി 85 ലക്ഷം രൂപയുടെ ഉപകരണങ്ങൾ എത്തിച്ചിട്ടുണ്ട്. 15 ലക്ഷം രൂപയുടെ ഉപകരണങ്ങൾ ഉടൻ എത്തും. ബ്ലഡ് ബാങ്കിൻറെ അടിസ്ഥാന സൗകര്യ വികസനത്തിന് 8.5 ലക്ഷം രൂപയും അനുവദിച്ചു. പീഡിയാട്രിക് ഐസിയു 15 ലക്ഷം രൂപ ചെലവാക്കി പണി പൂർത്തീകരിച്ചു. 200 കിടക്കുകളുള്ള കെട്ടിടത്തിൻറെ പണി പുരോഗമിക്കുന്നു. നിലവിലെ 300 കിടക്കുകയുള്ള കെട്ടിടമായി ഇതിനെ ബന്ധിപ്പിക്കുമ്പോൾ 500 കിടക്കകളുള്ള ആശുപത്രിയായി മെഡിക്കൽ കോളജ് മാറും.

കോളജിൽ ഒന്നാംവർഷ എംബിബിഎസ് പഠനം ആരംഭിച്ചു. രണ്ടാം വർഷത്തേക്കുള്ള അനുമതി ലഭിച്ചിട്ടുണ്ട്. മൂന്നാം വർഷത്തേക്ക് എൻഎച്ച്സി അംഗീകാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്.

മെഡിക്കൽ കോളജിലേക്കുള്ള റോഡ് നിർമാണം സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള അവസാനഘട്ടത്തിലാണ്. കെ.യു. ജനീഷ് കുമാർ എംഎൽഎ അധ്യക്ഷത വഹിച്ചു.

ജില്ലാ കളക്ടർ ഡോ. ദിവ്യ എസ്. അയ്യർ വിശിഷ്ടാതിഥിയായിരുന്നു. കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ജിജി സജി, മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം ഡയറക്ടർ ഡോ. തോമസ് മാത്യു, ഡിഎംഒ ഡോ. എൽ. അനിത കുമാരി, കോന്നി മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. ആർ.എസ്. നിഷ, മെഡിക്കൽ കോളജ് സൂപ്രണ്ട് ഡോ. എ. ഷാജി, റേഡിയോ ഡയഗ്നോസിസ് വിഭാഗം മേധാവി ഡോ. രുമാ മധു ശ്രീധരൻ, കോളജ് വിദ്യാർഥികൾ തുടങ്ങിയവർ പ്രസംഗിച്ചു.

## നെല്ലുസംഭരണം: കർഷകർക്ക് 117.44 കോടി രൂപ നൽകി

**കോട്ടയം:** സപ്ലൈകോ വഴി നെല്ലു സംഭരിച്ച വകയിൽ കർഷകർക്കു നൽകാനുള്ള തുകയിൽ 117.44 കോടി രൂപ വിതരണം ചെയ്തതായി ജില്ലാ പാഡി മാർക്കറ്റിംഗ് ഓഫീസർ എം.എസ്. ജോൺസൺ അറിയിച്ചു. 14.91 കോടി രൂപയാണ് ഇനി വിതരണം ചെയ്യാനുള്ളത്.

20222023 വർഷം രണ്ടാം കൃഷി സീസണിൽ നെല്ലു സംഭരിച്ച വകയിൽ 132.35 കോടി രൂപയാണ് ജില്ലയിലെ കർഷകർക്കു നൽകാനുണ്ടായിരുന്നത്. 46,734 മെട്രിക് ടൺ നെല്ലാണ് ആകെ സംഭരിച്ചത്. 2023 മാർച്ച് 28 വരെ 31.78 കോടി രൂപ വിതരണം ചെയ്തിരുന്നു.

പിന്നീട് ജൂൺ 18 വെര കനറാ ബാങ്കിലൂടെ 37 കോടി രൂപയും ഫെഡറൽ ബാങ്കിലൂടെ 20.66 കോടി രൂപയും എസ്.ബി.ഐയിലൂടെ 28 കോടി രൂപയും വിതരണം ചെയ്തതായി പാഡി മാർക്കറ്റിംഗ് ഓഫീസർ അറിയിച്ചു.

മേയ് 15 വരെയുള്ള പേ ഓർഡർ പ്രകാരമുള്ള തുക വിതരണമാണ് ഇപ്പോൾ വിവിധബാങ്കുകൾ വഴി വിതരണം ചെയ്യുന്നത്. മേയ് 15നു ശേഷമുള്ള 2.75 കോടി രൂപയുടെ വിതരണം ആരംഭിച്ചിട്ടില്ലെന്നും പാഡി ഓഫീസർ അറിയിച്ചു.

## ഡെങ്കിപ്പനി, എച്ച്1 എൻ1: ജാഗ്രത പുലർത്താൻ ആരോഗ്യ വകുപ്പ് നിർദേശം

**തൃശൂർ:** ജില്ലയിൽ ഇടവിട്ട് മഴപെയ്യുന്ന സാഹചര്യത്തിൽ പകർച്ചവ്യാധികൾക്കെതിരെ അതീവ ജാഗ്രത പുലർത്തണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ടി പി ശ്രീദേവി അറിയിച്ചു. ഇതുവരെ ജില്ലയിൽ 144 ഡെങ്കിപ്പനി സ്ഥിരീകരിച്ചു. 413 സ്ഥിരീകരിക്കാത്ത ഡെങ്കിപ്പനിയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വായുവിൽ കൂടി പകരുന്ന വൈറൽ രോഗമായ എച്ച്. വൺ. എൻ. വൺ കേസുകൾ 51 എണ്ണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പനി, ജലദോഷം, ചുമ, തൊണ്ടവേദന, ശ്വാസ തടസ്സം എന്നിവയാണ് ലക്ഷണങ്ങൾ.

കുടിവെള്ളത്തിൽ കൂടിയോ ആഹാരസാധനങ്ങളിൽ കൂടിയോ രോഗാണുക്കൾ ശരീരത്തിലെത്തി ഉണ്ടാകുന്ന രോഗമാണ് ടൈഫോയിഡ്. ക്ഷീണം, വിശപ്പില്ലായ്മ, നീണ്ടുനിൽക്കുന്ന പനി, വയറിളക്കം തുടങ്ങിയവയാണ് സാധാരണ ലക്ഷണങ്ങൾ. രക്തപരിശോധനയിലൂടെ മാത്രമേ രോഗനിർണയം സാധിക്കുകയുള്ളൂ. നിലവിൽ ജില്ലയിൽ ആറ് സ്ഥിരീകരിക്കാത്ത ടൈഫോയ്ഡ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ചിക്കൻ പോക്സ്, മഞ്ഞപ്പിത്തം, എലിപ്പനി, ഹെപ്പറ്റൈറ്റിസ് എ, ഹെപ്പറ്റൈറ്റിസ് ഇ, പോലെയുള്ള മറ്റ് രോഗങ്ങളും മഴക്കാലത്ത് പിടിപെടാൻ സാധ്യത ഉള്ളതിനാൽ കൂടുതൽ ജാഗ്രത പാലിക്കേണ്ടതാണ്. ശുദ്ധ ജലത്തോടൊപ്പം മലിനജലം കലരാതിരിക്കാൻ ശ്രദ്ധിക്കണം. ജലദോഷം, പനി, വയറിളക്കം തുടങ്ങിയ രോഗ ലക്ഷണങ്ങൾ നിസ്സാരമായി കാണരുത്.

സ്വയം ചികിത്സ നടത്താതെ എത്രയും പെട്ടെന്ന് അടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വിദഗ്ധ ചികിത്സ ഉറപ്പുവരുത്തേണ്ടതാണ്. വ്യക്തി ശുചിത്വം പാലിക്കുന്നത് അടക്കമുള്ള മുൻ കരുതലുകൾ സ്വീകരിക്കണമെന്നും ജില്ല മെഡിക്കൽ ഓഫിസർ അറിയിച്ചു.



# വിലയിൽ ഇരട്ടിമധുരം കർഷകന് നല്ലകാലം

**കോട്ടയം:** ജില്ലയിലെ കൊക്കോ കർഷകർക്ക് ഇത് നല്ലകാലമാണ്. സീസൺ കാലയളവിൽ നല്ല വിളവിനൊപ്പം വിലയിലും വർദ്ധനവ്. തെങ്ങ്, കവുങ്ങ്, റബർ എന്നിവയ്ക്ക് ഇടവിളയായി കൃഷി ചെയ്യുന്ന കൊക്കോ കർഷകന് ശരിക്കും ആശ്വാസമായി മാറി. ജില്ലയിലെ മണ്ണ് അനുയോജ്യമെങ്കിലും കൊക്കോ കൃഷി ചെയ്യുന്നവർ താരതമ്യേന കുറവാണ്. ജില്ലയിൽ കാഞ്ഞിരപ്പള്ളി, പാലാ, അയർക്കുന്നം, വാകത്താനം തുടങ്ങിയ മേഖലകളിലാണ് കൊക്കോ കൃഷിയുള്ളത്.

മികച്ച വില ലഭിച്ചുതുടങ്ങിയതോടെ റബറിൽ തിരിച്ചടിയേറ്റ കർഷകർ കൊക്കോയിൽ ഭാഗ്യപരീക്ഷണത്തിന് തിരിയുന്നുമുണ്ട്. സംസ്ഥാനത്ത് ഇടുക്കി ജില്ലയിലാണ് കൊക്കോ ഉത്പാദനത്തിൽ മുന്നിൽ. സംസ്ഥാനത്ത് കൊക്കോ ഉത്പാദനത്തിന്റെ 40 ശതമാനവും ഇടുക്കിയിലാണ്.ആഗോള വിപണിയിൽ ആവശ്യക്കാരേറെപടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങളിൽ കൊക്കോ ഉത്പാദനം കുറഞ്ഞതോടെ ആഗോള വിപണിയിൽ കൊക്കോയ്ക്ക് ആവശ്യക്കാരേറി. വർഷം മുഴുവൻ പൂക്കുകയും കായ്കളും ഉണ്ടാവുകയും ചെയ്യുന്ന ഒരു വിള എന്ന നിലയിൽ കൊക്കോ കർഷകന് ക്രമമായ വരുമാനവും ഉറപ്പാക്കുന്നു. കൊക്കോ കൃഷിയിലേക്ക് ഇറങ്ങാനുള്ള ഏറ്റവും അനുയോജ്യമായ സമയമാണ് ഇതെന്ന് കർഷകർ പറയുന്നു.

മറ്റു തോട്ടവിളകൾക്കുണ്ടായ തിരിച്ചടി കൊക്കോയ്ക്ക് ഉണ്ടാകാൻ സാധ്യതയില്ലെന്നാണ് കാർഷിക വിദഗ്ധർ പറയുന്നത്. ചോക്കലേറ്റ് നിർമ്മാണംകൊക്കോ പ്രധാനമായും ചോക്കലേറ്റ് ഉണ്ടാക്കാനാണ് ഉപയോഗിക്കുന്നത്. കായകൾക്കകത്തെ പൾപ്പിനുള്ളിലാണ് കൊക്കോ കുരുക്കൾ കാണപ്പെടുന്നത്. ഈ കുരുക്കളെ സംസ്കരിച്ച് അതിനെ കയ്പുരസം നീക്കം ചെയ്ത് ഉണക്കുന്നു. അല്ലെങ്കിൽ ആ കയ്പുരസം നിലനിർത്തിക്കൊണ്ടു തന്നെ ഉണക്കിയെടുക്കുന്നു. പ്രതി വർഷം 20 ശതമാനത്തോളം ചോക്ലേറ്റിന്റെ ആഭ്യന്തര ആവശ്യം കൂടി വരുന്നതായാണ് കണക്ക്. കൊക്കോ കൃഷിക്കും സംസ്കരണത്തിനും ആവശ്യമായ സാങ്കേതിക വിദ്യ കേരള കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്.



## ഫ്ളൈ ഓവർ പരിശോധന; നിർമ്മാണം വേഗത്തിലാക്കാൻ നിർദേശം

**കൊടുങ്ങല്ലൂർ:** ദേശീയപാത 66 വികസനത്തിന്റെ ഭാഗമായി കൊടുങ്ങല്ലൂരിൽ നിർമ്മിക്കുന്ന മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ജില്ലാ കലക്ടർ വി ആർ കൃഷ്ണതേജ പരിശോധിച്ചു. നിർമ്മാണത്തോനുബന്ധിച്ച് പ്രദേശത്ത് ഗതാഗതം തടസ്സം കൂടാതെ സുഗമമാക്കുന്നതിനും ഫ്ലൈ ഓവറിന്റെ പൈലിംഗ് പ്രവർത്തികളും തുടർന്നുള്ള വർക്കുകളും വേഗത്തിലാക്കാനും കലക്ടർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

കൊടുങ്ങല്ലൂർ ബൈപ്പാസിൽ ചന്തപ്പുരയിൽ കാര ജംഗ്ഷൻ മുതൽ ചന്തപ്പുര വരെയാണ് ഫ്ലൈ ഓവർ നിർമ്മിക്കുന്നത്. ഡെപ്യൂട്ടി കലക്ടർ പി അഖിൽ, ശിവാലയ കൺസ്ട്രക്ഷൻ കമ്പനി പ്രതിനിധിയായ ശ്രീനിവാസ്, നാഷണൽ ഹൈവേ ലെസണിങ് ഓഫീസർ കെ. ബി ബാബു തുടങ്ങിയവർ സന്ദർശനത്തിൽ കൂടെയുണ്ടായിരുന്നു.



# മഴക്കാല രോഗങ്ങളെ അറിയാം, പ്രതിരോധിക്കാം, തോൽപ്പിക്കാം



ഡോ.ജെഷീറ മൊഹമ്മദ് കുട്ടി, സീനിയർ സ്പെഷ്യലിസ്റ്റ്, ജനറൽ മെഡിസിൻ, ആസ്റ്റർ മിംസ്, കോഴിക്കോട്

സംസ്ഥാനത്ത് പനി ബാധിച്ച് ചികിത്സ തേടുന്നവരുടെ എണ്ണം കൂടിവരികയാണ്. കഴിഞ്ഞ പത്തുദിവസം മാത്രം ചികിത്സ തേടിയവരുടെ എണ്ണം ഒരു ലക്ഷത്തിനടുത്ത് എത്തുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ചരിത്രം പരിശോധിക്കുകയാണെങ്കിൽ കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് എല്ലാ വർഷവും ആവർത്തിച്ചുവരുന്ന ഒരു സാധാരണ അനുഭവമാണ്. മിക്ക ആളുകൾക്കും പനിയിൽ നിന്നും മറ്റു ലക്ഷണങ്ങളിൽ നിന്നും വൈദ്യസഹായം ഇല്ലാതെ തന്നെ ഒരാഴ്ചയ്ക്കുള്ളിൽ സുഖം പ്രാപിക്കുവാൻ സാധിക്കുന്നു. എന്നാൽ കുട്ടികൾ, പ്രായമായവർ, ഗർഭിണികൾ, ആരോഗ്യപ്രവർത്തകർ, ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉള്ളവർ എന്നിവർ ഉൾപ്പെടുന്ന ഉയർന്ന അപകട സാധ്യതയുള്ള ഗ്രൂപ്പുകളിൽ ഇത് ഗുരുതരമായ രോഗത്തിനോ, മരണത്തിനോ കാരണമാകാം. ഈ വർഷം ഇതുവരെ 15 ഓളം ഡെങ്കിപ്പനി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാത്രമല്ല കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് ഡെങ്കിപ്പനി ബാധിതരുടെ കൂടുന്നതായും കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ സ്വകാര്യ ആശുപത്രികളിലെയും ക്ലിനിക്കുകളേയും കണക്കുകൾ കൂടി പരിശോധിച്ചാൽ ഇതിലും അധികം വരുമെന്നാണ് മറ്റൊരു വസ്തുത. എലിപ്പനി, ഡെങ്കിപ്പനി എന്നിവയാണ് കൂടുതലും ജീവഹാനി വരുത്തുന്നത്. ജൂൺ മാസം ആകുന്നതോടെ സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും മുൻ അനുഭവ പ്രകാരം പനി ക്ലിനിക്കുകൾ ആരംഭിക്കാറുണ്ട്. അതോടൊപ്പം സർക്കാർസ്വകാര്യ ആശുപത്രികളിൽ ചികിത്സാ പ്രോട്ടോക്കോളും ലഭ്യമാക്കാറുണ്ട്. അതിനാൽ പനിയുടെ ലക്ഷണങ്ങൾ കണ്ടു തുടങ്ങുമ്പോൾ തന്നെ ആരോഗ്യ സംവിധാനങ്ങളുടെ സഹായത്തോടെ ചികിത്സ തേടുന്നത് ഏറ്റവും ഉത്തമമാണ്.

പനിയും പകർച്ചവ്യാധികളും പകരുന്നതിന് മുമ്പ് പരിസരം ശുചിയായി സൂക്ഷിക്കുന്നതും, വെള്ളം കെട്ടി നിൽക്കാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുന്നതും രോഗങ്ങൾ വരുന്നതിനും ഗുരുതരമായ അവസ്ഥയിലേക്ക് പോകുന്നതിനുമുള്ള സാധ്യത ഒഴിവാക്കും. കൊതുകടിയേൽക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധ പുലർത്തണം മഴക്കാലങ്ങളിൽ വീടിന് പുറത്ത് കിടന്നുറങ്ങാതിരിക്കുക. കൈകളും കാലുകളും നന്നായി മൂടുന്ന വസ്ത്രം ധരിക്കുക, സംരക്ഷണം ലഭിക്കുന്നതിന് ശരീരത്തിൽ പുരട്ടുന്ന ലേപനങ്ങൾ, ക്രീമുകൾ എന്നിവ ഉപയോഗിക്കുന്നത് ഒരു പരിധിവരെ നല്ലതാണ്. മഴക്കാലത്ത് കവിഞ്ഞൊഴുകുന്ന മലിനജലം കുടിവെള്ള സ്രോതസ്സുകളെ മലിനപ്പെടുത്തുന്നതോടെ വെള്ളത്തിലൂടെയുള്ള രോഗങ്ങൾക്കും സാഹചര്യമൊരുങ്ങുന്നു.

ഇതോടൊപ്പം കേരളത്തിൽ പടരുന്ന പനി സംബന്ധമായ രോഗങ്ങളെയും രോഗലക്ഷണങ്ങളെയും മനസ്സിലാക്കി വയ്ക്കുന്നത് വളരെയധികം ഗുണം ചെയ്യും.

## ജലദോഷം

മഴക്കാലത്ത് വൈറസ് വഴി പകരുന്ന സാധാരണ പനിയാണിത്. കാറ്റേൽക്കുമ്പോഴും , മഴ നനയുമ്പോഴും മിക്കവരിലും ഇതുണ്ടാകാറുണ്ട്. തൊണ്ടവേദന, മൂക്കടപ്പ്, തുമ്മൽ, മൂക്കൊലിപ്പ്, ഇവയാണ് രോഗത്തിൻറെ പ്രധാന ലക്ഷണങ്ങൾ. രണ്ടോ മൂന്നോ ദിവസങ്ങൾക്കുള്ളിൽ രോഗലക്ഷണങ്ങൾ പൂർണമായി മാറുന്നതാണ്. അതോടൊപ്പം തുടക്കത്തിൽ തന്നെ മറ്റുള്ളവരുമായി സമ്പർക്കം ഒഴിവാക്കുന്നത് അവരിലേക്ക് രോഗം പകരുന്നത് തടയും.



## കോവിഡ്

പനി, തൊണ്ടവേദന, ശരീരവേദന, ക്ഷീണം, ചുമ, ശ്വാസംമുട്ടൽ എന്നിവയാണ് ലക്ഷണങ്ങൾ. വിശ്രമവും, ഒപ്പം വീട്ടിലുള്ള പ്രായമുള്ളവർക്കും കുട്ടികളിലേക്കും പകരാതിരിക്കാൻ മുൻകരുതൽ എടുക്കുന്നത് ഏറ്റവും നല്ലതാണ്.

## വൈറൽ പനി

വായുവിലൂടെയാണ് വൈറൽ പനി പകരുന്നത്. തൊണ്ടവേദന, തുമ്മൽ, കടുത്ത തലവേദന, ശരിരവേദന, ക്ഷീണം എന്നിവയാണ് ഇതിൻറെ പ്രധാന ലക്ഷണങ്ങൾ. വൈറൽ പനി ബാധിച്ചാൽ ചികിത്സ തേടുകയും, വിശ്രമിക്കുകയും ചെയ്യേണ്ടിവരും. വൈറൽ പനി ആസ്തമ രോഗികളിൽ ബുദ്ധിമുട്ടുകൾ വർദ്ദിപ്പിക്കുകയും, ന്യൂമോണിയയിലേക്കു മാറാനുള്ള സാധ്യതയും കൂടുതലാണ്.



## ടൈഫോയിഡ്

ഭക്ഷണത്തിലൂടെയും മലിനജലം കലർന്ന കുടിവെള്ളത്തിലൂടെയും പകരുന്ന ബാക്ടീരിയ ഉണ്ടാക്കുന്ന രോഗമാണ്. തുടക്കത്തിൽ ലക്ഷണങ്ങൾ കുറവാണ് എന്നതാണ് ഇതിന്റെ ഏറ്റവും വലിയ അപകടം. ആ ദിവസങ്ങളിൽ പനി തുടങ്ങി രണ്ടാഴ്ച കഴിയുമ്പോൾ ക്ഷീണം വർദ്ധിക്കുന്നു. കുടലിൽ വ്രണങ്ങൾ ഉണ്ടാകുന്നതു മൂലം വയറുവേദന, മലം കറുത്ത നിലയിൽ പോവുക, വിശപ്പില്ലായ്മ കടുത്ത ക്ഷീണം എന്ന ലക്ഷണങ്ങളിലേക്ക് എത്തിച്ചേരുന്നു. രോഗം മാറിയാലും വിസർജ്യത്തിലൂടെ രോഗം പകരുന്നതിനുള്ള സാധ്യത കുറച്ചു കാലം കൂടി നീണ്ടുനിൽക്കും. ശ്രദ്ധാപൂർവ്വമായ ആഹാരക്രമവും ടോയ്ലെറ്റിൽ പോയതിനു ശേഷവും, ആഹാരത്തിന് മുൻപും നന്നായി കൈകഴുകുന്ന ശീലം രോഗം വരാതെ പ്രതിരോധിക്കാൻ ഒരു പരിധിവരെ സഹായിക്കും.

## എലിപ്പനി

വൈറൽ പനി പോലെ തോന്നിപ്പിക്കുന്നതും എന്നാൽ രോഗിയെ ഗുരുതരാവസ്ഥയിൽ എത്തിക്കുന്നതുമായ പനികളിൽ ഒന്നാണിത്. ലെപ്റ്റോസ് സ്പൈറോസിസ് എന്ന ബാക്ടീരിയ ആണ് എലിപ്പനിക്ക് കാരണം. മലിന ജലത്തിൽ ചവിട്ടുമ്പോൾ കാലിലെ ചെറിയ മുറിവുകൾ വഴി അണുക്കൾ ശരീരത്തിൽ എത്തുന്നു. ശക്തമായ പനി, വിറയൽ, തളർച്ച, ശരീരവേദന, ചർദ്ദി, മനംപുരട്ടൽ, കണ്ണിനു ചുവപ്പു നിറം, ശരീരത്തിൽ മഞ്ഞനിറം, മൂത്രം കടുത്ത നിറത്തിൽ പോകുക എന്നീ ലക്ഷണങ്ങൾ കണ്ടാൽ തീർച്ചയായും അടിയന്തര ചികിത്സ തേടേണ്ടതാണ്.

## ഡെങ്കിപ്പനി

കൊതുക് വരുത്തുന്നതും ഏറ്റവും അധികം പേരിൽ ഉണ്ടാകുന്നതുമായ പനിയാണിത്. കഠിനമായ പനി, അസഹ്യമായ തലവേദന, അസ്ഥികളിലും സന്ധികളിലും വേദന, കണ്ണുകളുടെ പിന്നിൽ വേദന, വിശപ്പില്ലായ്മ, ചുവന്ന പാടുകൾ എന്നിവയാണ് രോഗലക്ഷണങ്ങൾ. മുൻപ് ഡെങ്കു ഉണ്ടായവരിൽ രോഗം ഗുരുതരമാകുന്നതിന് സാധ്യതയുണ്ട്. ഗർഭിണികളും, നവജാത ശിശുക്കളും പ്രത്യേകം ശ്രദ്ധിക്കണം. രോഗബാധയുണ്ടായാൽ നിർജലീകരണം തടയാൻ പരമാവധി ശ്രദ്ധിക്കണം. കൊതുക് പ്രജനനം തടയുക എന്നതാണ് രോഗം വരാതിരിക്കാനുള്ള മാർഗ്ഗം. ലക്ഷണങ്ങൾ മൂന്നു ദിവസത്തിനകം നീണ്ടുനിൽക്കുകയോ മൂക്കിലോ മോണയിലോ വിസർജ്യങ്ങളിലോ രക്തം കാണപ്പെട്ടാൽ ഉടനെ വൈദ്യ സഹായം തേടേണ്ടതാണ്.

## എച്ച് 1 എൻ 1

വായുവിലൂടെ പകരുന്ന വൈറസ് രോഗമാണിത്. ആദ്യകാലങ്ങളിൽ ലക്ഷണങ്ങൾ ഉണ്ടാവുകയില്ല തുടർന്ന് പനിക്കും തൊണ്ടവേദനയ്ക്കും ചർദ്ദിക്കും ഒപ്പം പേശികളിലും സന്ധികളിലും ശക്തമായ വേദനയുണ്ടാവും. വായുവിലൂടെ ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് അസുഖം പകരുകയും ചെയ്യും. നിലവിൽ മറ്റു രോഗങ്ങൾ ഉള്ളവർക്ക് എച്ച് 1 എൻ 1 പ്രതിരോധകുത്തിവെപ്പ് ലഭ്യമാണ്.

## ചിക്കുൻഗുനിയ

കൊതുക് പരത്തുന്ന മറ്റൊരു രോഗമാണ് ഇത് വൈറസാണ് രോഗാണു. ഡെങ്കു പനിയുടെ രോഗലക്ഷണങ്ങളോടൊപ്പം ശക്തമായ സന്ധിവേദനയും, ചലനം പ്രയാസമാകുന്ന വിധത്തിൽ കാൽമുട്ട്, കൈക്കുഴ, വിരലുകൾ, കഴുത്ത്, നടുവ് എന്നീ ഭാഗങ്ങളൊക്കെ വേദനയുണ്ടാകും. വെളിച്ചത്തിലേക്ക് നോക്കാൻ ബുദ്ധിമുട്ടുണ്ടാവും നല്ലൊരുഭാഗം ആളുകളിലും സന്ധിവേദന മാറുന്നില്ല എന്നത് അനുബന്ധ പ്രശ്നമായി പറയുന്നത് കൊണ്ട് രോഗം വരാതിരിക്കാൻ വളരെയധികം സൂക്ഷിക്കേണ്ടതാണ്.

പബ്ലിക് ഹെൽത്ത് മാനേജ്മെന്റിലും , മറ്റു അനുബന്ധ ആരോഗ്യ സൂചികകളിലും കേരളം ഒരു മാതൃകയാണെങ്കിലും മൺസൂൺ കാലത്തു പകർച്ചവ്യാധി ഉണ്ടാകുന്നതു ആവർത്തിച്ചുണ്ടാകുന്ന കാഴ്ചയാണ്.

സാംക്രമിക രോഗങ്ങൾ തടയുന്നതിനായി വിവിധ ഏജൻസികൾ സർക്കാർതലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്നുണ്ട്, അതോടൊപ്പം പൊതുജനകളുടെ ശ്രദ്ധയും, മുൻകരുതലും ഉണ്ടായാൽ മാത്രമേ ഈ ആവർത്തിച്ചുവരുന്ന അപകടം ഒഴിവാക്കാൻ സാധിക്കൂ.

കൃത്യസമയത്തു ഉചിതമായ ചികിത്സ ലഭിക്കാത്തതാണ് പനി മാരകമാകുന്നതിനു പലപ്പോഴും കാരണമാകുന്നത്. പ്രതിരോധമാണ് ചികിത്സയേക്കാൾ അഭികാമ്യം എന്നത് പനിയെ സംബന്ധിച്ചിടത്തോളം ഏറെ പ്രസക്തമാണ്. വ്യക്തി ശുചിത്വം പാലിക്കുകയും, പരിസരം ശുചിയാക്കുന്നതിൽ ശ്രദ്ദിക്കുകയും, ഭക്ഷണം വെള്ളം എന്നിവ മലിനമല്ല എന്ന് ഉറപ്പുവരുത്തുകയും, യഥാസമയം ഔഷധങ്ങളുടെ ഉപയോഗം ലഭ്യമാക്കുന്നതിലൂടെയും പനിയുടെ കടന്നുവരവിനെ പ്രതിരോധിക്കുന്നതിനു സാധിക്കും.

# 2740 മയക്കുമരുന്ന് കേസുകൾ, പിടിച്ചത് 14.66 കോടിയുടെ മയക്കുമരുന്ന്

**തിരുവനന്തപുരം:** സംസ്ഥാനത്ത് മയക്കുമരുന്നിനും ലഹരി കടത്തിനുമെതിരെ ശക്തമായി നടപടികളുമായി എക്സൈസ് വകുപ്പ്. 2023 ജനുവരി മുതൽ മെയ് വരെയുള്ള 5 മാസക്കാലത്ത് ആകെ 45637 കേസുകളാണ് എക്സൈസ് ആകെ എടുത്തത്. ഇതിൽ 2740 എണ്ണം മയക്കുമരുന്ന് കേസുകളാണ്. ഇതിൽ 2726പേർ അറസ്റ്റിലായി. 4.04 കിലോ എംഡിഎംഎ, 448 ഗ്രാം മെറ്റാഫിറ്റമിൻ, 4.03 കിലോ ഹാഷിഷ് ഓയിൽ എന്നിവ പിടിച്ചെടുത്തു.

ഇതിന് പുറമേ 1184.93 കിലോ കഞ്ചാവും 1931 കഞ്ചാവ് ചെടികളും കണ്ടെടുത്തു. 2.727 ഗ്രാം എൽഎസ്ഡി, 191.725 ഗ്രാം ബ്രൗൺ ഷുഗർ, 276 ഗ്രാം ഹെറോയിൻ എന്നിവയും പിടിച്ചെടുത്തിട്ടുണ്ട്. 14.66 കോടി രൂപയാണ് കസ്റ്റഡിയിലെടുത്ത മയക്കുമരുന്നിന്റെ ഏകദേശ മൂല്യം. 578 വാഹനങ്ങളും പിടിച്ചെടുത്തു. 8003 അബ്കാരി കേസുകളും 34,894 കേസുകൾ പുകയില ഉത്പന്നങ്ങളുമായി ബന്ധപ്പെട്ടതുമാണ്. അബ്കാരി കേസുകളിൽ 6926 പേർ പിടിയിലായി. പൊലീസ്, വനം തുടങ്ങി മറ്റ് വകുപ്പുകളുമായി ചേർന്ന് 836 റെയ്ഡുകളും എക്സൈസ് നടത്തി. മയക്കുമരുന്ന് കേസുകൾ കൂടുതൽ പിടിച്ചത് എറണാകുളം ജില്ലയിലാണ് (358 എണ്ണം). കുറവ് കാസർഗോഡ് (31). ജനുവരിയിൽ 494, ഫെബ്രുവരിയിൽ 520, മാർച്ചിൽ 582, ഏപ്രിലിൽ 551, മെയിൽ 585 മയക്കുമരുന്ന കേസുകളാണ് രജിസ്റ്റർ ചെയ്തത്.

മികച്ച എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന എക്സൈസ് ഉദ്യോഗസ്ഥരെ തദ്ദേശ സ്വയം ഭരണ എക്സൈസ് വകുപ്പ് മന്ത്രി എം ബി രാജേഷ് അഭിനന്ദിച്ചു. മയക്കുമരുന്നിനെതിരെ കൂടുതൽ ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി പറഞ്ഞു. അതിർത്തിയിൽ കേരളാ എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്(കെമു) ഉൾപ്പെടെ സാധ്യമാക്കി പട്രോളിംഗും പരിശോധനയും ശക്തിപ്പെടുത്തിയിട്ടുണ്ട്. സ്കൂൾകോളജ് പരിസരത്തും നിരീക്ഷണം ഏർപ്പെടുത്തി.



# ലോകത്തെ മാറ്റിമറിച്ചത് പുസ്തകങ്ങളെന്ന് ചീഫ് വിപ്പ് എൻ. ജയരാജ്

**കോട്ടയം:** വായനപക്ഷാചരണത്തിന് ജില്ലയിൽ തുടക്കം. വായനദിനത്തിൽ സ്കൂളുകളിലും കോളജുകളിലും വിദ്യാർഥികളും അധ്യാപകരും വായനദിന പ്രതിജ്ഞയെടുത്തു.

പക്ഷാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം കാഞ്ഞിരപ്പള്ളി സെന്റ് ഡൊമനിക് ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ സർക്കാർ ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് നിർവഹിച്ചു. വാട്സ്ആപ്പ് അടക്കമുള്ള സാമൂഹികമാധ്യമങ്ങളിലൂടെയും മറ്റുമുള്ള എഴുത്തുകളിൽ വ്യക്തികേന്ദ്രീകൃതമായ കാഴ്ചപ്പാടുകളാണു കാണുന്നതെങ്കിൽ ഓരോ പുസ്തകവും ഓരോ ജീവിതമാണ് കാണിച്ചുതരുന്നതെന്ന് ഡോ. എൻ. ജയരാജ് പറഞ്ഞു. ലോകത്തെ മാറ്റിമറിച്ചത് ആയുധങ്ങളോ നേതാക്കളോ അല്ലെന്നും പുസ്തകങ്ങളാണെന്നും ചീഫ് വിപ്പ് ചൂണ്ടിക്കാട്ടി. നഷ്ടപ്പെട്ടതിനെ തിരിച്ചുപിടിക്കാനാണ് നമ്മൾ ഓരോന്നും ആചരിക്കുന്നത്. വായനയെ തിരിച്ചുപിടിക്കാനാണ് വായനപക്ഷാചരണമായി നടത്തുന്നതെന്നും ചീഫ് വിപ്പ് പറഞ്ഞു.ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു ചടങ്ങിൽ ആധ്യക്ഷ്യം വഹിച്ചു. ജില്ലാ കളക്ടർ വി. വിഗ്നേശ്വരി വായനദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അജിത രതീഷ് വായനദിന സന്ദേശം നൽകി. കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ആർ. തങ്കപ്പൻ, ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് സ്ഥിരംസമിതി അധ്യക്ഷ ജെസ്സി ഷാജൻ, ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ബാബു കെ. ജോർജ്ജ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എ. അരുൺ കുമാർ, ഹയർ സെക്കൻഡറി റീജണൽ ഡെപ്യൂട്ടി ഡയറക്ടർ കെ.ആർ. ഗിരിജ, സാക്ഷരത മിഷൻ ജില്ലാ കോഓർഡിനേറ്റർ ഡോ. വി.വി. മാത്യു, അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ ഇ.വി. ഷിബു, കാഞ്ഞിരപ്പള്ളി ഡി.ഇ.ഒ. പി.എച്ച്. ഷൈലജ, സെന്റ് ഡൊമനിക് എച്ച്.എസ്. ഹെഡ്മാസ്റ്റർ പി.ജെ. തോമസ്, പ്രിൻസിപ്പൽ ഡോ. ബിനോയ് എം. ജേക്കബ് എന്നിവർ പ്രസംഗിച്ചു.



## ശബരിഗിരി ജല വൈദ്യുത പദ്ധതി

# ജലസംഭരണികളിലെ നിരപ്പ് താഴ്ന്നു; വൈദ്യുതോൽപാദനം പ്രതിസന്ധിയിൽ

**സീതത്തോട്:** കാലവർഷം തീർത്തും ദുർബലമായതോടെ ശബരിഗിരി ജല വൈദ്യുത പദ്ധതിയുടെ ജലസംഭരണികളിലെ ജലനിരപ്പ് വീണ്ടും താഴ്ന്ന് 10 ശതമാനത്തിൽ എത്തി. വെള്ളത്തിന്റെ കുറവ് മൂലം ശബരിഗിരി, കക്കാട് പദ്ധതിയിൽ നിന്നുള്ള വൈദ്യുതോൽപാദനം കടുത്ത പ്രതിസന്ധിയിലേക്ക്. 5% വരെ ജലനിരപ്പിൽ ശബരിഗിരി പദ്ധതി പ്രവർത്തിപ്പിക്കാനാകും. ഒരാഴ്ചയ്ക്കുള്ളിൽ മഴ ശക്തമായില്ലെങ്കിൽ ശബരിഗിരി പദ്ധതി അടച്ചിടേണ്ടി വരുമെന്ന ആശങ്കയിലാണ് വൈദ്യുതി ബോർഡ്.

ഈ സീസണിൽ ആദ്യമായാണ് ജലനിരപ്പ് ഇത്ര താഴുന്നത്. ശബരിഗിരി പദ്ധതിയിലെ 6 ജനറേറ്ററുകളിൽ നാമമാത്രമായേ പ്രവർത്തിക്കുന്നുള്ളൂ. അതും ലോഡ് വളരെ കുറച്ചാണ് ഓടിക്കുന്നത്. 50 മെഗാവാട്ട് ഉൽപാദന ശേഷിയുള്ള കക്കാട് പദ്ധതിയിൽ പകൽ മിക്ക ദിവസവും ജനറേറ്ററുകൾ ഷട്ട് !ഡൗണിലാണ്. പീക്ക് ലോഡ് സമയത്ത് മാത്രമാണ് ഓടുന്നത്.

ശബരിഗിരി പദ്ധതി പ്രദേശങ്ങളിൽ ഒരാഴ്ചയായി മഴ വളരെ കുറവാണ്. കക്കിയിൽ കഴിഞ്ഞ ദിവസം 6 മില്ലിമീറ്റർ മഴ പെയ്തെങ്കിലും പമ്പയിൽ മഴയില്ല. കക്കിയിൽ പെയ്ത മഴയിൽ 1.718 ദശലക്ഷം ഘനമീറ്റർ വെള്ളം ഒഴുകിയെത്തി. പമ്പാ അണക്കെട്ടിൽ 963.85 മീറ്ററും, കക്കി ആനത്തോട് അണക്കെട്ടിൽ 934.86 മീറ്ററുമാണ് ജലനിരപ്പ്. കഴിഞ്ഞ വർഷം ഈ ദിവസം 25 ശതമാനമാണ് അണക്കെട്ടുകളിലെ ജലനിരപ്പ്.

അതേസമയം, മൂഴിയാർ അണക്കെട്ടിലെ ഡിസ്പെൻസർ വാൽവ് വൃത്തിയാക്കുന്ന ജോലികൾ അണക്കെട്ട് സുരക്ഷാ വിഭാഗത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. വാൽവിനു മുന്നിലായിയുള്ള ഷട്ടറിന്റെ അറ്റകുറ്റപ്പണികൾ നടക്കും. ഇതിനായി മുങ്ങൽ വിദഗ്ധ സംഘം സ്ഥലത്ത് എത്തും.

# ഔഷധസസ്യവിശുദ്ധിയുമായി യോഗചക്ര ഉദ്യാനം ഒരുങ്ങുന്നു

**കുറവിലങ്ങാട് :** കുണ്ഡലിനി യോഗയുടെ ഏഴു ചക്രങ്ങൾക്ക് അനുയോജ്യമായ ഔഷധസസ്യങ്ങളുടെ ഉദ്യാനം ഒരുക്കുന്ന തിരക്കിലാണു പരിസ്ഥിതി പ്രവർത്തകനും എഴുത്തുകാരനുമായ അനിയൻ തലയാറ്റുംപിള്ളി. കുറിച്ചിത്താനത്ത് തന്റെ മനയുടെ സമീപം ഒരുക്കിയിരിക്കുന്ന ജൈവ വൈവിധ്യങ്ങളുടെ സങ്കേതമായ കാനനക്ഷേത്രത്തിന്റെ ഭാഗമാണു യോഗചക്ര ഉദ്യാനം. ഇവിടെ ഔഷധസസ്യങ്ങൾക്ക് ഇനി വളർച്ചയുടെ കാലം.



കുണ്ഡലിനി യോഗയുടെ ഭാഗമായ യോഗചക്ര ശരീരത്തിലെ 7 പ്രധാന ഭാഗങ്ങളെ സൂചിപ്പിക്കുന്നു. ഓരോന്നിനും അനുയോജ്യമായ ഔഷധസസ്യങ്ങൾ ഉണ്ട്. ഇവ കണ്ടെത്തി നട്ടുവളർത്തുകയാണ്. ഉദ്യാനത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളാണ് ആരംഭിച്ചത്. ശരീരത്തിൽ ഓരോ ചക്രത്തിന്റെയും സ്ഥാനത്ത് അതിനു അനുയോജ്യമായ ഔഷധസസ്യം എന്ന രീതിയിൽ മണ്ണിൽ ധ്യാനരൂപം നിർമിച്ചു ചെടികൾ കൃത്യമായി നട്ടുവളർത്തുകയാണ് ഇവിടെ.

മൂലാധാരചക്രം (അശ്വഗന്ധം, ഇഞ്ചി, മഞ്ഞൾ), സ്വാധിഷ്ഠാന ചക്രം (ശതാവരി, ചെമ്പരത്തി), മണിപൂര ചക്രം (ഇഞ്ചിപ്പുല്ല്, കുരുമുളക്), അനാഹതചക്രം (റോസ്, ലാവൻഡർ), വിശുദ്ധിചക്രം (പെരുംജീരകം), ആജ്ഞാചക്രം (തുളസി, ശംഖുപുഷ്പം), സഹസ്രാരചക്രം (താമര, ലാവൻഡർ) എന്നിവയാണു നട്ടിരിക്കുന്നതെന്ന് അനിയൻ തലയാറ്റുംപിള്ളി പറഞ്ഞു.വനതീർഥം എന്ന കുളം, ബോധിവൃക്ഷത്തിന്റെ ചുവട്ടിൽ ബുദ്ധപ്രതിമ, അരികിലായി കാനനക്ഷേത്രവും രാശിചക്രവനവും മനുഷ്യരൂപത്തി!ൽ ഹ്യൂമൻ ഗാർഡനും. കാനനക്ഷേത്രത്തിലെ ധ്യാനം ഉൾപ്പെടെ എല്ലാം സൗജന്യം. പ്രകൃതിയോടു ചേർന്ന് എഴുത്തുപുര, വള്ളിക്കുടിൽ, ഊഞ്ഞാൽ, കാനനപാത തുടങ്ങിയ പദ്ധതികളും ഇവിടെ നടപ്പാക്കുന്നു. സൂര്യനമസ്കാരം ചെയ്യുന്നതിന് ആദിത്യമണ്ഡപം ഒരുക്കും. ഇതിനൊപ്പം അതീന്ദ്രിയം എന്ന പേരിൽ ധ്യാനത്തിനു പർണശാലയും ഒരുക്കും.

# സാനിറ്ററി, ബയോമെഡിക്കൽ മാലിന്യ സംസ്ക്കരണം: പദ്ധതിയ്ക്ക് കൊച്ചിയിൽ തുടക്കം




**കൊച്ചി:** കൊച്ചി നഗര പരിധിയിലെ വീടുകളിലെ സാനിറ്ററി, ബയോമെഡിക്കൽ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്ന പദ്ധതിയ്ക്ക് കൊച്ചിയിൽ തുടക്കമായി. മാലിന്യ ശേഖരണ വാഹനങ്ങളുടെ ഫ്ളാഗ് ഓഫ് ഡെപ്യൂട്ടി മേയർ കെ.എ ആൻസിയാ നിർവഹിച്ചു.കേരള എൻവയോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെയിൽ)മായി ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് ആദ്യമായി ഏകീകൃത സംവിധാനത്തിലൂടെ ശേഖരണ കലർ പ്രകാരം സാനിറ്ററി, ഗാർഹിക ബയോമെഡിക്കൽ മാലിന്യ ശേഖരണത്തിനാണ് കൊച്ചി നഗരസഭയിൽ തുടക്കം കുറിച്ചിരിക്കുന്നത്. അംഗീകൃത ഏജൻസികൾ മുഖേന കലർ അടിസ്ഥാനത്തിൽ പ്രത്യേക ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്തിയാണ് കെയിൽ ശേഖരണം നടത്തുന്നത്. ഉപഭോക്താക്കൾക്ക് ടോൾ ഫ്രീ നമ്പറിൽ വിളിച്ചു രജിസ്റ്റർ ചെയ്ത് ശേഖരണം ഉറപ്പാക്കാനാകും. ശേഖരിക്കുന്ന ഏജൻസി തന്നെ ബയോമെഡിക്കൽ മാലിന്യ സംസ്ക്കരണ ചട്ടങ്ങൾ പ്രകാരമുള്ള ബാഗുകൾ ഉപഭോക്താക്കൾക്ക് നൽകും. കിലോഗ്രാമിന് എല്ലാ നികുതികളും ഉൾപ്പടെ 12 രൂപ യൂസർ ഫീ നിരക്കിലാണ് ശേഖരണം. മിക്ക തദ്ദേശ സ്ഥാപനങ്ങളിലും സ്വകാര്യ ഏജൻസികൾ ശേഖരണം ആരംഭിച്ചിരുന്നെങ്കിലും കിലോഗ്രാമിന് 54 രൂപ വരെയായിരുന്നു യൂസർ ഫീ നൽകേി വന്നിരുന്നത്. അതിനാൽ സാധാരണക്കാർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിരുന്നില്ല. സംസ്ക്കരണ ചിലവ് നഗരസഭ വഹിച്ചു കൊ് ശേഖരണ ചിലവ് മാത്രം ഗുണ ഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിനാലാണ് കുറഞ്ഞ തുകയ്ക്ക് സേവനം ലഭ്യമാക്കാൻ നഗരസഭയ്ക്ക് സാധിക്കുന്നത്. തിങ്കൾ 1, 2, 3, 4, 5, 6, 7, 8, 9, 10, 24, 25, 26, 27, 28 എന്നീ ഡിവിഷനുകളിൽ ശേഖരണം നടക്കും. 50 മുതൽ 64 വരെയുള്ള ഡിവിഷനുകളിൽ ചൊവ്വാഴ്ചയും, 31, 32, 33 ഡിവിഷനുകളിലും 65 മുതൽ 74 വരെയുള്ള ഡിവിഷനുകളിലും ബുധനാഴ്ചയും, 34 മുതൽ 41 വരെയുള്ള ഡിവിഷനുകളിൽ വ്യാഴാഴ്ചയും ആയിരിക്കും ശേഖരണം. വെള്ളിയാഴ്ച ദിവസങ്ങളിൽ 11 മുതൽ 23 വരെയുള്ള ഡിവിഷനുകളിലും, 42 മുതൽ 49വരെയുള്ള ഡിവിഷനുകളിലും, 29, 30 ഡിവിഷനുകളിലും ശേഖരണം നടക്കും.വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് പിന്നാലെ സാനിറ്ററി, ബയോമെഡിക്കൽ മാലിന്യ ശേഖരണവും ആരംഭിച്ചതോടെ കൊച്ചി അടിമുടി മാറാൻ ഒരുങ്ങുകയാണ്. ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ടി.കെ. അഷ്റഫ്, വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി.ആർ റെനീഷ്. അഡീ. സെക്രട്ടറി വി. പി ഷിബു, ഹെൽത്ത് ഓഫീസർ ഡോ. ശശികുമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# മഴക്കാലം: അപകട സാധ്യതകൾ പരമാവധി ഒഴിവാക്കണം

**കൊച്ചി:** എല്ലാ വകുപ്പുകളും മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവഹിക്കണമെന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് പറഞ്ഞു. മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി വിവിധ വകുപ്പ് ഉദ്യോഗസ്ഥർക്ക് വേി ഓൺലൈനായി സംഘടിപ്പിച്ച ജില്ലാതല പരിശീലന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അപകടങ്ങളുാകാനുള്ള സാധ്യതകൾ പരമാവധി ഒഴിവാക്കണം. അതിന് മുന്നൊരുക്ക പ്രവർത്തനങ്ങൾ ഏറെ സഹായിക്കും. അതത് വകുപ്പുകൾ തങ്ങളുടെ ചുമതലകൾ കൃത്യമായി നിർവഹിക്കണം. അത് സംബന്ധിച്ചു കൃത്യമായ അവലോകനമാകുമെന്നും അദ്ദേഹം പറഞ്ഞു. അപകടകരമായ സാഹചര്യത്തിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റാൻ അടിയന്തര നടപടികൾ സ്വീകരിക്കണം. മഴക്കാലത്ത് ക്യാമ്പുകൾ തുടങ്ങാൻ കത്തെിയിട്ടുള്ള സ്ഥലങ്ങളിൽ വേ്ര ക്രമീകരണങ്ങൾ ഉറപ്പാക്കണം. ദുരന്തനിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും ആവശ്യമായ പരിശീലനം നൽക്കോണ്. തദ്ദേശ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിവിധ വകുപ്പുകൾ മഴക്കാലത്ത് സ്വീകരിക്കേ നടപടികൾ വിശദീകരിക്കുന്ന 'ഓറഞ്ച് ബുക്കിനെ' ആസ്പദമാക്കിയായിരുന്നു പരിശീലന പരിപാടി. ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ കെ. ഉഷ ബിന്ദുമോൾ പരിശീലനത്തിന് നേതൃത്വം നൽകി. ഹസാർഡ് അനലിസ്റ്റ് അഞ്ജലി പരമേശ്വരൻ ക്ലാസ്സ് നയിച്ചു.

# കരുതലും കൈത്താങ്ങും അദാലത്ത് : അപേക്ഷകളിൽ തുടർ നടപടി വേഗത്തിലാക്കും

**കൊച്ചി:** കരുതലും കൈത്താങ്ങും അദാലത്തിൽ തുടർ നടപടികൾക്കായി മാറ്റിവച്ച അപേക്ഷകളിലും ലഭിച്ച പുതിയ അപേക്ഷകളിലും ദ്രുതഗതിയിൽ നടപടികൾ പൂർത്തിയാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.അദാലത്തിൽ ലഭിച്ച പരാതികളുടെ തുടർ നടപടികൾ വിലയിരുത്തുന്നതിനായി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ഷാജഹാന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു.അദാലത്തിൽ ലഭിച്ച പരാതികൾ പരിഹരിക്കുന്നതിനു മുൻഗണന നൽകണം. ജൂലൈ 13ന് കളക്ടറുടെ നേതൃത്വത്തിൽ അദാലത്തിന് ലഭിച്ച പരാതികൾ സംബന്ധമായ അവലോകന യോഗത്തിൽ ഓരോ അപേക്ഷകളുടെയും തുടർനടപടികൾ വ്യക്തമാക്കണം. ജൂലൈ 27ന് മന്ത്രിമാരുടെ നേതൃത്വത്തിൽ നടക്കുന്ന അവലോകന യോഗത്തിന് മുന്നോടിയായി വിവിധ താലൂക്ക് തല അദാലത്തുകളിലായി ലഭിച്ച എല്ലാ പരാതികൾക്കും പരിഹാരം കാണണമെന്നും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.ഹുസൂർശിരസ്തദാർ ബി. അനിൽകുമാർ മേനോൻ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# നാല് പഞ്ചായത്തുകളിലെ കനാലുകൾക്ക് പുനരുജ്ജീവനവുമായി സിയാൽ




**കൊച്ചി:** വിമാനത്താവളത്തിന് ചുറ്റുമുള്ള നാലുപഞ്ചായത്തുകളിലെ കനാലുകൾ പുനരുജ്ജീവിപ്പിക്കാനുള്ള സിയാലിന്റെ പദ്ധതിയ്ക്ക് തുടക്കമായി. ശ്രീമൂലനഗരം, കാഞ്ഞൂർ, നെടുമ്പാശ്ശേരി, ചെങ്ങമനാട് പഞ്ചായത്തുകളിലെ 22 കി.മീ ദൂരമുള്ള കനാലുകളാണ് സിയാൽ ഇടപെട്ട് ശുചീകരിക്കുന്നത്.
കനാൽ പുനരുജ്ജീവന പ്രവൃത്തി മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്തു. വിമാനത്താവളത്തിലും പരിസര മേഖലകളിലും വെള്ളപ്പൊക്കം നേരിടാൻ ഓപ്പറേഷൻ പ്രവാഹ് നേരത്തെ സിയാൽ നടപ്പിലാക്കിയിരുന്നു. അതിന്റെ രാംഘട്ടമായാണ് കനാലുകൾ ശുചീകരണം നടത്തുന്നത്. കൈതക്കാട്ട് ചിറപറമ്പയം, തറനിലംഡൈവേർഷൻ കനാൽ റീച്ച് 5, ചെങ്ങൽതോട് ചൊവ്വര, കോസ്റ്റ് ഗാർഡ് പെരിയാൽ, ചൊവ്വര മഠത്തിൽമൂല, മഠത്തിൽമൂലപാനായിക്കടവ് എന്നീ കനാൽ ഭാഗങ്ങളാണ് പുനരുജ്ജീവിപ്പിക്കുന്നത്. അൻവർ സാദത്ത് എം.എൽ.എ അധ്യക്ഷനായിരുന്നു. റോജി എം.ജോൺ എം.എൽ, അങ്കമാലി മുൻസിപ്പൽ ചെയർമാൻ മാത്യു തോമസ്, പഞ്ചായത്ത് പ്രസിഡന്റ്മാരായ ഗ്രേസി ദയാനന്ദൻ, സെയ്ബ മുഹമ്മദ് അലി, കെ.സി. മാർട്ടിൻ, പി.വി.കുഞ്ഞ്, സിയാൽ മാനേജിങ് ഡയറക്ടർ എസ്. സുഹാസ് തുടങ്ങിയവർ പങ്കെടുത്തു.

# ഫിറ്റ്നസ് ട്രെയിനർ കോഴ്സിലേക്ക് അപേക്ഷിക്കാം

**കൊച്ചി:** അസാപ്കേരളയുടെ നേതൃത്വത്തിൽ നടത്തുന്ന 150 മണിക്കൂർ ദൈർഘ്യ ഫിറ്റ്നസ് ട്രെയിനർ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.കോഴ്സ്വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പേഴ്സണൽ ട്രെയ്നർ ,ഫിറ്റ്നസ് കോച്ച് ,ജിം ഇൻസ്ട്രക്ടർ തുടങ്ങിയ മേഖലകളിൽ തൊഴിൽനേടാനാവുന്നതാണ്. സ്വന്തമായി ഒരു ഫിറ്റ്നസ് സെന്റർ നടത്തുവാനുള്ള നൈപുണ്യശേഷിയും ആർജിക്കുന്ന തരത്തിൽ ആണ് കോഴ്സ് രൂപകൽപ്പനചെയ്തിരിക്കുന്നത് . സ്പോർട്സ് ആൻഡ് ഫിറ്റ്നസ് സെക്ടർ സ്കിൽ കൗൺസിലിന്റെ സർട്ടിഫിക്കറ്റ് നേടുവാനും അവസരം.ട്രെയിനിങ് ലൊക്കേഷൻ : കമ്മ്യൂണിറ്റി സ്കിൽ പാർക്ക് കളമശ്ശേരി.വിവരങ്ങൾക്ക്
Click https://forms.gle/2KN9kWixdjDhwQoL8

# വായന പ്രോത്സാഹിപ്പിക്കാൻ സ്കൂളുകൾക്ക് പുസ്തകങ്ങൾ നൽകും

**കൊച്ചി:** വിദ്യാർത്ഥികളിൽ വായന ശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ കുന്നത്തുനാട് മണ്ഡലത്തിലെ സ്കൂളുകൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. പി. വി.ശ്രീനിജിൻ എം.എൽ.എ.യുടെ നേതൃത്വത്തിലാണ് മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് സ്കൂളുകൾക്ക് പുസ്തകങ്ങൾ നൽകുന്നത്. കുട്ടികളിൽ വായനശീലം വളർത്തുന്നത് അവരുടെ ഭാവി ജീവിതത്തെ ശോഭനീയമാക്കുമെന്ന് എം.എൽ.എ. പറഞ്ഞു. എം.എൽ. എ. യുടെ ആസ്തി വികസന ഫിൽ നിന്നും ഏഴ് ലക്ഷം രൂപ വിനിയോഗിച്ച് 67 സ്കൂളുകൾക്കാണ് പുസ്തകം നൽകുക. വിദ്യാർത്ഥികളിൽ വായനാശീലം വളർത്തുന്നതിന് വിദ്യാജ്യോതി എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നു. പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികളുടെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നിരവധി പ്രവർത്തനങ്ങൾ മണ്ഡലത്തിൽ നടപ്പാക്കിയിരുന്നു. ഇതിന്റെ ഭാഗമായാണ് പുസ്തക വിതരണവും നടത്തുന്നത്.പ്രമുഖരുടെ ജീവചരിത്രങ്ങൾ, കഥകൾ, കവിതകൾ അടങ്ങുന്ന പുസ്തക കിറ്റുകളാണ് ഓരോ സ്കൂളുകൾക്കും നൽകുന്നത്. നേരത്തെ മണ്ഡലത്തിലെ 73 ലൈബ്രറികൾക്കും എം.എൽ.എ. പുസ്തക കിറ്റുകൾ നൽകിയിരുന്നു.

## തലവച്ചപാറ, കുഞ്ചിപ്പാറ കോളനികളിൽ വൈദ്യുതി എത്തി

**കൊച്ചി:** പതിറ്റാുകളുടെ കാത്തിരിപ്പിനൊടുവിൽ കുട്ടമ്പുഴ പഞ്ചായത്തിലെ തലവച്ചപാറ, കുഞ്ചിപ്പാറ പട്ടികവർഗ കോളനികളിൽ വൈദ്യുതി എത്തി. ര് കുടികളിൽ നടന്ന വൈദ്യുതീകരണത്തിന്റെ സ്വിച്ച് ഓൺ കർമ്മം ആന്റണി ജോൺ എം.എൽ.എ നിർവഹിച്ചു.കുട്ടമ്പുഴയുടെ വിദൂര പ്രദേശങ്ങളായ ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കാനായത് ഏറെ അഭിമാനകരമായ നേട്ടമാണെന്ന് എം.എൽ.എ പറഞ്ഞു.കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2019 ൽ ) 4.75 കോടി രൂപയാണ് പദ്ധതിക്കായി അനുവദിച്ചത്. 14.5 കിലോമീറ്റർ 11 കെ.വി ഭൂഗർഭകേബിൾ സ്ഥാപിക്കൽ,1.15 കിലോമീറ്റർ 11 കെ.വി ഓവർ ഹെഡ് ലൈൻ, ര് 100 കെ.വി.എ ട്രാൻസ്ഫോർമറുകൾ,7 കിലോമീറ്റർ എ.ബി.സി കേബിൾ ലൈൻ സ്ഥാപിക്കൽ ഉൾപ്പെടെയുള്ള പ്രവൃത്തികളാണ് പദ്ധതിയുടെ ഭാഗമായിനടപ്പിലാക്കിയത്.ചടങ്ങിൽ കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കാന്തി വെള്ളക്കയ്യൻ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ കെ.കെ ഗോപി, പഞ്ചായത്ത് മെമ്പർമാരായ ഗോപി ബദറൻ, കെ.എ സിബി, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ അനിൽ ഭാസ്കർ, കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചിനീയർ സാജു ജോൺ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ പി. രാജീവ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എൻ.കെ ഗോപി, അസിസ്റ്റന്റ് എഞ്ചിനീയർ എൻ.എസ് പ്രസാദ്, സബ് എഞ്ചിനീയർമാരായ റ്റി. ജെ ഷൈബു, സിബി പോൾ, ഓവർസീയർമാരായ എം.ഗോപകുമാർ, ബിനു തങ്കൻ, ഊര് മൂപ്പൻ പൊന്നപ്പൻ ചന്ദ്രൻ , കാണിക്കാരൻ അല്ലി കൊച്ചലങ്കാരൻ എന്നിവർ പങ്കെടുത്തു.

## അന്താരാഷ്ട്ര യോഗ ദിനാചരണം

**കൊച്ചി:** നോർത്ത് പറവൂർ നഗരസഭയുടെയും നോർത്ത് പറവൂർ സർക്കാർ ഹോമിയോ ആശുപത്രിയിൽ നാഷണൽ ആയുഷ് മിഷൻ മുഖേന പ്രവർത്തിച്ചു വരുന്ന ആയുഷ് വെൽനെസ് സെന്ററിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 9 മത് അന്താരാഷ്ട്ര യോഗ ദിനം ജൂൺ 19 ന് പറവൂർ നഗരസഭ മുനിസിപ്പൽ ടൗൺ ഹാളിൽ ആചരിച്ചു.നോർത്ത് പറവൂർ നഗരസഭ ചെയർപേഴ്സൺ ശ്രീമതി. വി.എ പ്രഭാവതി ടീച്ചർ ഉദ്ഘാടനം നിർവ്വഹിച്ചു. നാച്യുറോപ്പതി മെഡിക്കൽ ആഫീസർ ഡോ.ടി.എൻ അനീജയുടെ നേതൃത്വത്തിൽ പുല്ലംകുളം ശ്രീനാരായണ ഹയർ സെക്കനി സ്കൂളിലെ 50 എൻ.എസ്.എസ് വോളിന്റിയേഴ്സും, ഹൈ സ്കൂളിൽ നിന്നും 51 വിദ്യാർത്ഥികളും പ്രോട്ടോക്കോൾ യോഗയും, സൂര്യനമസ്ക്കാരവും അഭ്യസിച്ചു. ആശുപത്രിയിലെ യോഗ പരിശീലകരെ ഉൾപ്പെടുത്തി യോഗ നൃത്തവും സംഘടിപ്പിച്ചു.ആശുപത്രി സൂപ്ര് ഡോ.മിനി കെ.എസ് , നോർത്ത് പറവൂർ നഗരസഭ ചെയർമാൻ എം.ജെ രാജു ,ഹോമിയോപ്പതി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.മേഴ്സി ഗോൺസാൽവസ് , ആർ.എം.ഒ ഡോ.രഞ്ജിനി എന്നിവർ പങ്കെടുത്തു. 2022 ജൂൺ 1 മുതൽ പ്രോട്ടോകോൾ യോഗ പരിശീലനം നോർത്ത് പറവൂർ സർക്കാർ ഹോമിയോ ആശുപത്രിയിൽ നടന്നുവരുന്നു.

## ഏജൻസികളെ ക്ഷണിച്ചു

**കൊച്ചി:** 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട്, 30) പ്രകാരം എറണാകുളം ജില്ലയിൽ 200 ആറിൽ താഴെയുള്ള പദ്ധതികളുടെ സ്ഥലമേറ്റെടുപ്പ് നടപടികളുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് (SIA study) ഏജൻസികളെ തെരഞ്ഞെടുത്ത് എംപാനൽ രൂപീകരിക്കുന്നു. എംപാനൽ ചെയ്യുവാൻ താൽപര്യമുള്ള യൂണിവേഴ്സിറ്റി/കോളേജ്/വകുപ്പ്/സ്വകാര്യ സർവ്വേ സ്റ്റഡി ഏജൻസികൾ/മറ്റുള്ളവർ എന്നിവരിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചു. നിലവിലുള്ള എംപാനൽ ലിസ്റ്റ് ക്യാൻസൽ ആകുമെന്നതിനാൽ ഇപ്പോൾ എംപാനൽ ചെയ്തിട്ടുള്ളവരിൽ തുടരുവാൻ താൽപര്യമുള്ളവരും ഇതിലേക്കായി താൽപര്യപത്രം സമർപ്പിക്കേണ്ടതാണ്. സൂചന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കും ഏജൻസികളെ തെരഞ്ഞെടുക്കുക. സർക്കാർ ഉത്തരവ്, അപേക്ഷാ ഫോം, യോഗ്യത മാനദണ്ഡങ്ങൾ എന്നിവ ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റായ ംംം.ലൃിമസൗഹമാ.ിശര.ശി/ല്ലിഭേ/ൽ ലഭ്യമാണ്. അവസാന തീയതി 30/06/2023 താത്പര്യപത്രം സമർപ്പിക്കേ വിലാസം ഡെപ്യൂട്ടി കളക്ടർ (എൽ.എ.), കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ, കാക്കനാട്682030.ഇ മെയിൽ: laekmdc@gmail.com

# എറണാകുളം മെഡിക്കൽ കോളജിൽ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക് നവംബറിൽ



**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കേളേജിലെ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക് നവംബറിൽ യാഥാർഥ്യമാകുമെന്ന് മന്ത്രി പി. രാജീവ്. നിർമ്മാണം അതിവേഗം പൂർത്തീകരിക്കാൻ മന്ത്രിയുടെ അധ്യക്ഷതയിൽ കളക്ടറേറ്റ് ട്രെയിനിംഗ് ഹാളിൽ ചേർന്ന ഉന്നതതലയോഗത്തിൽ തീരുമാനമായി. കാൻസർ സെന്ററിന്റെ നിർമ്മാണവും പുരോഗമിക്കുകയാണ്. കളമശേരി മെഡിക്കൽ കോളേജിനും കൊച്ചിൻ കാൻസർ സെന്ററിനും ആവശ്യമായ വെള്ളം ലഭ്യമാക്കുന്നതിന് പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കും.ഇതിനായി മെഡിക്കൽ കോളേജിനു സമീപത്തെ കിൻഫ്രയിൽ നിന്ന് വെള്ളമെത്തിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാൻ മന്ത്രി നിർദേശിച്ചു. ദിനംപ്രതി രണ്ട് ദശലക്ഷം ജലമാണ് മെഡിക്കൽ കോളേജിന് ആവശ്യം. കെഎസ്ഇബി 110 കെ വി സബ് സ്റ്റേഷൻ സജ്ജമാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. ഇലക്ട്രിക്കൽ, പ്ലംബിംഗ്, അഗ്നി രക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കൽ തുടങ്ങിയവ ഉടൻ പൂർത്തീകരിക്കും. ഓക്സിജൻ ലൈൻ നിർമ്മാണം വേഗത്തിലാക്കാനും കരാറുകാരായ ഇൻകെലിന് മന്ത്രി നിർദേശം നൽകി. കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിനായി 520 ലധികം പുതിയ തസ്തികകൾ അനുമതിക്കായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. മൾട്ടി സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്കിന്റെയും കാൻസർ സെന്ററിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിക്കുന്നുണ്ടെന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് അറിയിച്ചു. യോഗത്തിൽ മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. പി. അനിൽ കുമാർ, മെഡിക്കൽ സൂപ്രണ്ട് ഡോ. എം. ഗണേഷ് മോഹൻ, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ ഡയറക്ടർ ഇൻ ചാർജ് ഡോ. പി.ജി. ബാലഗോപാൽ, കരാറുകാരായ ഇൻകെലിന്റെ പ്രൊജക്ട് എൻജിനീയർമാർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# നെൽകൃഷിയെ വരവേൽക്കാനൊരുങ്ങി ചെമ്മീൻ കെട്ടുകൾ

**കൊച്ചി:** കുമ്പളങ്ങി ഗ്രാമപഞ്ചായത്തിലെ ഒട്ടുമിക്ക ചെമ്മീൻകെട്ടുകളും കൃഷിയെ വരവേൽക്കാനൊരുങ്ങുകയാണ്. കാലവർഷം തുടക്കംകുറിച്ചതോടെ ഇനി പൊക്കാളി കൃഷിയുടെ കാലമാണ്. കണ്ണും മനവും നിറയ്ക്കുന്ന നെൽച്ചെടികൾ പാടശേഖരങ്ങളിൽ നിറയുന്ന കാലം. മഴ ചതിക്കില്ലെന്ന പ്രതീക്ഷയോടെ പാടത്ത് വിത്ത് വിതയ്ക്കാനൊരുങ്ങുകയാണ് കുമ്പളങ്ങിയിലെ പൊക്കാളി കർഷകർ.പഞ്ചായത്ത് ജനകീയ ആസൂത്രണ പദ്ധതി പ്രകാരം ഈ വർഷത്തെ പൊക്കാളി കൃഷിക്ക് രണ്ട് പ്രോജക്ടുകളിലായി 1,92000 രൂപയും 40,000 രൂപയുമാണ് അനുവദിച്ചിരിക്കുന്നത്. പഞ്ചായത്തിലെ അഞ്ച് മുതൽ ആറ് ഏക്കർ വരെയുള്ള സ്ഥലത്ത് നിലവിൽ കൃഷിയ്ക്കായുള്ള ഒരുക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. കൂടുതൽ സ്ഥലങ്ങളിൽ കൃഷിയിറക്കിയാൽ കൂടുതൽ തുക അനുവദിക്കും.സംസ്ഥാന സർക്കാരിന്റെ ഒരു നെല്ലും ഒരു മീനും പദ്ധതി മാതൃകയിൽ ആറു മാസം മീൻകൃഷിയും ആറുമാസം പൊക്കാളി നെൽകൃഷിയുമാണ് കുമ്പളങ്ങിയിലെ പൊക്കാളി പാടങ്ങളിൽ ചെയ്തുവരുന്നത്. സംയോജിതകൃഷി നടത്തുന്ന പാടങ്ങളിൽനിന്നുള്ള വെള്ളം മോട്ടോർ ഉപയോഗിച്ച് വറ്റിക്കുന്നതാണ് പൊക്കാളിക്കൃഷിയിലെ ആദ്യപടി. ജൂണിൽ മഴ ലഭിക്കുന്നതോടെ വരണ്ടുണങ്ങിയ പാടത്തെ ഉപ്പ് ഒലിച്ചിറങ്ങും. തുടർന്ന് ഞാറ്റുവേല കഴിഞ്ഞ് മഴപെയ്താലാണ് വിത്തുവിതയ്ക്കൽ ആരംഭിക്കുന്നത്. അഞ്ചുദിവസം നീണ്ട പ്രക്രിയയിലൂടെ മുളപ്പിച്ച വിത്തുകൾ കുമ്മാനയം ഇട്ടു പരുവപ്പെടുത്തിയ നിലത്തിലാണ് വിതയ്ക്കുന്നത്. 120 ദിവസമാണ് വിളവെടുപ്പിനുള്ള കാലാവധി. കൃത്യമായി നല്ല മഴ ലഭിച്ചാൽമാത്രമേ വിത്തുകൾ നെൽക്കതിരായി മാറുകയുള്ളൂ.വരും ദിവസങ്ങളിൽ മീൻ വളർത്തിയിരുന്ന കൂടുതൽ പാടശേഖരങ്ങൾ വെള്ളം വറ്റിച്ച് കൃഷിയ്ക്കായി സജ്ജമാകും. ജില്ലയിൽ കുഴുപ്പിള്ളി, പള്ളിപ്പുറം, എടവനക്കാട്, നായരമ്പലം, ഞാറയ്ക്കൽ, കടമക്കുടി, പിഴല, എളങ്കുന്നപ്പുഴ, ഏഴിക്കര, കുമ്പളങ്ങി, ചെല്ലാനം, തൃപ്പൂണിത്തുറ തുടങ്ങിയ സ്ഥലങ്ങളിലാണ് പൊക്കാളി പ്രധാനമായും കൃഷി ചെയ്യുന്നത്. കുമ്പളങ്ങി ചുടുകാട് പാടശേഖരത്തിൽ കഴിഞ്ഞദിവസം പൊക്കാളി നെൽവിത്ത് വിതച്ചു. പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബേബി തമ്പി, കുമ്പളങ്ങി പഞ്ചായത്ത് പ്രസിഡന്റ് ലീജ തോമസ്, വൈസ് പ്രസിഡന്റ് പി.എ സഗീർ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ പങ്കാളിത്തത്തോടെയാണ് വിത നടന്നത്. ജൂലൈ പകുതിവരെ വിവിധ പാടശേഖരങ്ങളിൽ വിത്ത് വിത നടക്കും.

# ഗിഫ്റ്റ് നിഫ്റ്റിക്ക് പുതിയ ബ്രാൻഡ് ഐഡന്റിറ്റിയുമായി എൻഎസ്ഇ

**കൊച്ചി:** എസ്ജിഎക്സ് നിഫ്റ്റി 2023 ജൂലൈ 3 മുതൽ ഗിഫ്റ്റ് നിഫ്റ്റിയായി പൂർണ തോതിൽ മാറുന്നതിന്റെ ഭാഗമായി എൻഎസ്ഇ ഇൻറർനാഷണൽ എക്സ്ചേഞ്ച് (എൻഎസ്ഇ ഐഎക്സ്) ഗിഫ്റ്റ് നിഫ്റ്റിക്ക് വേണ്ടണ്ി പുതിയ ബ്രാൻഡ് ഐഡൻറിറ്റി അവതരിപ്പിച്ചു. അന്താരാഷ്ട്ര നിക്ഷേപകർക്ക് ഇന്ത്യയുടെ വിജയഗാഥയിൽ പങ്കാളിയായി ഗിഫ്റ്റ് നിഫ്റ്റിയിൽ എൻഎസ്ഇ ഐഎക്സ് പദ്ധതികളിലൂടെ പങ്കെടുക്കാനുള്ള നവീനമായ അവസരവും പുതിയ ദിശയുമാണ് ഗിഫ്റ്റ് നിഫ്റ്റിയുടെ പുതിയ ഐഡൻറിറ്റിയിലൂടെ ലഭിക്കുന്നത്. ഇന്ത്യൻ ഓഹരി വിപണിയുടെ വിജയഗാഥയെ പ്രതിഫലിപ്പിക്കുന്ന നിഫ്റ്റി 50 സൂചികയെ പതാകവാഹകമായി നൽകിയിട്ടുള്ള പുതിയ രൂപമാണ് ഗിഫ്റ്റ് നിഫ്റ്റിയുടേത്.എൻഎസ്ഇ ഐഎക്സ്എസ്ജിഎക്സ് കണക്ട് 2023 ജൂലൈ 3 മുതൽ പൂർണ തോതിൽ പ്രവർത്തനമാരംഭിക്കുന്നു എന്ന അടുത്തിടെ നടത്തിയ പ്രഖ്യാപനത്തിൻറെ തുടർച്ചയായാണ് പുതിയ ലോഗോ അവതരിപ്പിച്ചത്. എൻഎസ്ഇ ഐഎക്സും എസ്ജിഎക്സും തമ്മിലുള്ള തന്ത്രപരമായ ഈ സഹകരണത്തിൻറെ ഫലമായി എസ്ജിഎക്സ് അംഗങ്ങൾക്ക് ഗിഫ്റ്റ് നിഫ്റ്റി ഓർഡറുകൾ എൻഎസ്ഇ ഐഎഫ്എസ്സി വഴി റൂട്ടു ചെയ്യാനും എസ്ജിഎക്സ് ഡെറിവേറ്റീവ് ക്ലിയറിങ് വഴി ക്ലിയറിങ്ങും സെൻറിൽമെൻറും നടത്താനും സാധിക്കും.

# 5ജി ഡാറ്റ ഉപഭോഗം: കൊച്ചിയിൽ 6 മാസത്തിനിടയിൽ വൻ വർദ്ധനവെന്ന് ജിയോ

**കൊച്ചി:**എയർപോർട്ട്, വാട്ടർ മെട്രോ സ്റ്റേഷനുകൾ , വൈറ്റില മൊബിലിറ്റി ഹബ്, റെയിൽവേ സ്റ്റേഷനുകൾ, കെ എസ് ആർ ടി സി ബസ് സ്റ്റാൻഡ് എന്നിങ്ങനെ കൂടുതൽ ജനങ്ങൾ ഒരുമിച്ചു കൂടുകയും , വെയ്റ്റിംഗ് ടൈം ഉള്ളതുമായ കേന്ദ്രങ്ങളിലെല്ലാം ജിയോയുടെ അതിവേഗ 5ജി ഡാറ്റ ഉപഭോഗം കഴിഞ്ഞ 6 മാസത്തിനുള്ളിൽ പതിന്മടങ്ങായി വർധിച്ചതായെ ജിയോ അധികൃതർ.ജിയോ 5ജി സർവീസ് ഉപയോഗപ്പെടുത്തി വിനോദത്തിനും വിജ്ഞാനത്തിനുമായി നിരവധി സർവീസുകളാണ് ഉപഭോക്താക്കൾക്കായി ഒരുക്കിയിരിക്കുന്നതെന്നും ജിയോ അധികൃതർ പറഞ്ഞു.കരയിലും ജലപാതകളിലും ജിയോ 5 ജി സേവനങ്ങൾ ഒരുപോലെ ആസ്വദിക്കാം. ഇന്ത്യയിലെ ആദ്യ വാട്ടർമെട്രോ സർവീസ് തുടങ്ങിയ സമയം മുതൽ ജിയോ ഉപഭോക്താക്കൾക്ക് സ്റ്റേഷനുകളിലും അവരുടെ യാത്രയിലുടനീളവും ജിയോ ട്രൂ 5 ജി ഉപയോഗപ്പെടുത്തിയിരുന്നു. കൊച്ചിയിലെ എല്ലാ പ്രധാനപ്പെട്ട പ്രദേശങ്ങളും വാണിജ്യ സ്ഥാപനങ്ങളും ജിയോ ട്രൂ 5ജി നെറ്റ്വർക്ക് കവർ ചെയ്യുന്നുണ്ട്. കൂടാതെ ഫോർട്ട്കൊച്ചി,ചെറായി തുടങ്ങി ടൂറിസ്റ്റ് കേന്ദ്രങ്ങളായ പ്രദേശങ്ങളിലും ജിയോ അതിവേഗ 5 ജി ലഭ്യമാണെന്നും ജിയോ അധികൃതർ വ്യക്തമാക്കി.5ജി സേവനങ്ങളിൽ ഡൗൺലോഡ്, അപ്‌ലോഡ് വേഗതയിലും, വീഡിയോ സ്ട്രീമിംഗ്, ഗെയിമിംഗ് , കോൾ കണക്റ്റിവിറ്റി എന്നിവയിലും ജിയോ വളരെ മുന്നിലാണെന്നും ജിയോ അധികൃതർ വ്യക്തമാക്കി.4ജി നെറ്റ് വർക്കിനെ ആശ്രയിക്കാത്ത സ്റ്റാൻഡലോൺ 5ജി നെറ്റ് വർക്കാണ് ജിയോയുടേത്. 700 മെഗാ, 3500 മെഗാ, 26ഏവ ബാൻഡുകളിലുടനീളം ഏറ്റവും വലുതും മികച്ചതുമായ ജിയോയുടെ 5ജ് സ്പെക്ട്രം,കാരിയർ അഗ്രിഗേഷൻ എന്ന നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഏറ്റവും നല്ല സേവനം ഉപഭോക്താക്കൾക്ക് നൽകാൻ സഹായിക്കുന്നു. കേരളത്തിൽ ആകെ 11000 ലധികം ടവറുകൾ ഉള്ള ജിയോ, അതിൽ 6000 ഓളം ടവറുകളിൽ 5ജി ആക്റ്റീവ് ആക്കി കഴിഞ്ഞു. കുറഞ്ഞ ലാറ്റെൻസി, മെഷീൻടുമെഷീൻ ആശയവിനിമയം, 5ജി വോയ്സ്, എഡ്ജ് കമ്പ്യൂട്ടിംഗ്, നെറ്റ് വർക്ക് സ്ലൈസിംഗ് എന്നിവ എന്നിവ ജിയോ 5ജി യുടെ പ്രത്യേകതകളാണ്.കേരളത്തിൽ ജിയോയുടെ ട്രൂ 5ജി വ്യാപനം അതി വേഗത്തിലാണ്. കഴിഞ്ഞ ഡിസംബറിൽ തുടങ്ങിയ 5 ജി സേവനം 6 മാസങ്ങൾക്കുള്ളിൽ എല്ലാ ജില്ലകളിലേക്കും 35 ലധികം പ്രധാനപ്പെട്ട നഗരങ്ങളിലേക്കും വ്യാപിപ്പിക്കാൻ ജിയോയ്ക്ക് കഴിഞ്ഞുവെന്നും ജിയോ അധികൃതർ വ്യക്തമാക്കി.

# ഹോണ്ട പുതിയ ഷൈൻ 125 അവതരിപ്പിച്ചു



**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ ഒബിഡി2 മാനഡണ്ഡങ്ങൾ പാലിക്കുന്ന പുതിയ 2023 ഷൈൻ 125 പുറത്തിറക്കി. ആഗോള നിലവാരത്തിലുള്ള എൻഹാൻസ്ഡ് സ്മാർട്ട് പവർ (ഇഎസ്പി) ശക്തിപ്പെടുത്തുന്ന ഹോണ്ടയുടെ ഏറ്റവും വിശ്വസനീയമായ 125സിസി ബിഎസ്6 പിജിഎംഎഫ്ഐ എഞ്ചിനാണ് പുതിയ ഷൈൻ മോഡലിനെന്ന് ഹോണ്ട മോട്ടോർസൈക്കിൾ & സ്കൂട്ടർ ഇന്ത്യയുടെ മാനേജിങ് ഡയറക്ടറും പ്രസിഡന്റും സിഇഒയുമായ സുത്സുമു ഒടാനി പറഞ്ഞു.എളുപ്പവും കാര്യക്ഷവുമായ റൈഡിന് ഫൈവ് സ്പീഡ് ട്രാൻസ്മിഷനോട് കൂടിയാണ് 2023 ഷൈൻ 125 എത്തുന്നത്. 162 എംഎം ഗ്രൗണ്ട് ക്ലിയറൻസും, 1285 എംഎം നീളമുള്ള വീൽബേസും മികച്ച യാത്ര ഉറപ്പാക്കും. യാത്ര കൂടുതൽ സുഖകരമാക്കുന്നതിന് 651 എംഎം നീളമുള്ള സീറ്റാണ് പുതിയ മോഡലിലുള്ളത്. ട്യൂബ്ലെസ് ടയറുകളാണ് മറ്റൊരു പ്രത്യേകത. എഞ്ചിൻ സ്റ്റാർട്ട്/സ്റ്റോപ്പ് സ്വിച്ച്, ഡിസി ഹെഡ്‌ലാംപ്, ഇൻറഗ്രേറ്റഡ് ഹെഡ്‌ലാംപ് ബീം, പാസിങ് സ്വിച്ച് എന്നിവയും വാഹനത്തിന് അത്യാധുനിക സൗകര്യം ഉറപ്പാക്കുന്നു.ക്രോം ഗാർണിഷോടുകൂടിയ ബോൾഡ് ഫ്രണ്ട് വൈസർ, പ്രീമിയം ക്രോം സൈഡ് കവറുകൾ, അഴകാർന്ന ഗ്രാഫിക്സ്, ആകർഷകമായ ക്രോം മഫ്ളർ എന്നിവ പുതിയ മോഡലിൻറെ തിളക്കം വർധിപ്പിക്കുന്നു. നൂതനമായ മീറ്റർ ഡിസൈൻ, സ്മാർട്ട് ടെയിൽ ലാമ്പ്, ട്രെൻഡി ബ്ലാക്ക് അലോയ്കൾ എന്നിവയും 2023 ഷൈൻ 125നെ വ്യത്യസ്തമാക്കുന്നു.10 വർഷത്തെ പ്രത്യേക വാറൻറി പാക്കേജും (മൂന്ന് വർഷത്തെ സ്റ്റാൻഡേർഡ് + ഏഴ് വർഷത്തെ ഓപ്ഷണൽ എക്സ്റ്റൻഡഡ് വാറൻറി) ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. ബ്ലാക്ക്, ജെനി ഗ്രേ മെറ്റാലിക്, മാറ്റ് ആക്സിസ് ഗ്രേ, റെബൽ റെഡ് മെറ്റാലിക്, ഡീസെൻറ് ബ്ലൂ മെറ്റാലിക് എന്നിങ്ങനെ അഞ്ച് നിറങ്ങളിൽ 2023 ഷൈൻ 125 ലഭിക്കും. ഡ്രം വേരിയൻറിന് 79,800 രൂപയും, ഡിസ്ക് വേരിയൻറിന് 83,800 രൂപയുമാണ് ഡൽഹി എക്സ്ഷോറൂം വില.2023 ഷൈൻ 125 പുറത്തിറക്കുമ്പോൾ ഈ വിഭാഗത്തിൽ ഒരു പുതിയ മാനദണ്ഡം സൃഷ്ടിക്കുകയും തങ്ങളുടെ സ്ഥാനം കൂടുതൽ ശക്തമാക്കുകയും ചെയ്യുമെന്ന് ഹോണ്ട മോട്ടോർസൈക്കിൾ & സ്കൂട്ടർ ഇന്ത്യയുടെ മാനേജിങ് ഡയറക്ടറും പ്രസിഡൻറും സിഇഒയുമായ സുത്സുമു ഒടാനി പറഞ്ഞു.തുടക്കം മുതൽ ഹോണ്ട ഷൈൻ എല്ലായ്പ്പോഴും ഉത്തരവാദിത്വത്തിൻറെയും വിശ്വാസ്യതയുടെയും പര്യായമാണെന്ന് ഹോണ്ട മോട്ടോർസൈക്കിൾ & സ്കൂട്ടർ ഇന്ത്യ സെയിൽസ് & മാർക്കറ്റിങ് ഡയറക്ടർ യോഗേഷ് മാത്തൂർ പറഞ്ഞു.

# 'പരസ്യ സഞ്ചാരം' സംഘടിപ്പിച്ച് ഐ.എ.എം



**കൊച്ചി:** ഇൻഡ്യൻ ആഡ് ഫിലിം മേക്കേഴ്സ് അസോസിയേഷൻ സംഘടിപ്പിച്ച(ഐ.എ.എം) എക്സ്പെർട്ട് ടോക്ക് 'പരസ്യ സഞ്ചാരം' ലോക സഞ്ചാരി സന്തോഷ് ജോർജ് കുളങ്ങര ചിറ്റിലപ്പിള്ളി സ്‌ക്വയറിൽ നടന്ന ചടങ്ങിൽ ഉൽഘാടനം ചെയ്തു.വിദ്യാഭ്യാസം, ആരോഗ്യം, ഐ . ടി , ടൂറിസം എന്നീ മേഖലകളിലെ ഉയർന്ന സാധ്യതകളെക്കുറിച്ചും അവ എങ്ങനെ നമ്മുടെ സമൂഹത്തിന്റെ വികസനത്തിനായി വളർത്തിയെടുക്കാമെന്നും സംബന്ധിച്ചുള്ള ആശയങ്ങൾ അദ്ദേഹം ചടങ്ങിൽ പങ്കുവെച്ചു.ഓരോ വ്യക്ത്തിയും ഉത്തരവാദിത്തമുള്ള പൗരനാവുക വഴി നമ്മുടെ രാജ്യം വികസനത്തിന്റെ പാതയിലേക്കു കുതിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഐ.എ.എം പ്രസിഡന്റ് ജബ്ബാർ കല്ലറക്കൽ, സെക്രട്ടറിസിജോയ് വർഗീസ്, വൈസ് പ്രസിഡന്റ് ഷിബു അന്തിക്കാട്. അഷ്‌ന ഹനീഷ്,ജോർജ് സ്ലീബ, നളിന പൊതുവാൾ തുടങ്ങിയവർ സംസാരിച്ചു. ഭഗത് ചന്ദ്രശേഖർ ആയിരുന്നു പ്രോഗ്രാം മോഡറേറ്റർ.

# ജനറേറ്റീവ് എ.ഐ ടെക്നോളജിയുമായി ഫ്ളൈടെക്സ്റ്റ്

**തിരുവനന്തപുരം:** ഡിജിറ്റൽ ഉൽപ്പന്നങ്ങളുടെ രൂപകൽപനയിൽ പ്രൊഡക്ട് മാനേജർമാരെ സഹായിക്കാൻ പുതിയ ജനറേറ്റീവ് എ.ഐയുമായി ടെക്നോപാർക്ക് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഫ്ളൈടെക്സ്റ്റ്. വിവിധ ഉൽപ്പന്ന ഡിസൈനുകളെ പ്രോഗ്രാമാറ്റിക്കായി വിലയിരുത്തി അവയിൽ ഏറ്റവും വിജയ സാധ്യത ഉള്ള ഡിസൈൻ തിരഞ്ഞെടുക്കാൻ ഈ ടെക്നോളജി പ്രോഡക്റ്റ് മാനേജർമാരെ സഹായിക്കുമെന്ന് ഫ്ളൈടെക്സ്റ്റ് സി.ഇ.ഒ ഡോ. വിനോദ് വാസുദേവൻ പറഞ്ഞു. ചാറ്റ് ജി.പി.ടി പോലെയുള്ള ആപ്ലിക്കേഷനുകളിൽ ഉപയോഗിക്കുന്ന ജനറേറ്റീവ് എ.ഐ ടെക്നോളജി ആദ്യമായാണ് ഡിജിറ്റൽ ഉൽപന്ന ഡിസൈൻ പോലുള്ള ഒരു സങ്കീർണമായ പ്രക്രിയയിൽ ഉപയോഗിക്കുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.എന്തുകൊാണ് ഒരു നിശ്ചിത പ്രോഡക്റ്റ് ഡിസൈൻ എ.ഐ തിരഞ്ഞെടുത്തതെന്ന് വിശദീകരിക്കുന്ന ഓപ്ഷനും ഫ്ളൈടെക്സ്റ്റ് ഈ സൊല്യൂഷനിൽ ഉൾപ്പെടുത്തിയിട്ടു്. ഈ സുതാര്യത പ്രൊഡക്ട് മാനേജർമാരെ എ.ഐ നൽകുന്ന കാരണങ്ങൾ വിശകലനം ചെയ്ത് ഉൽപ്പന്നങ്ങൾക്ക് അംഗീകാരം നൽകി വിപണിയിൽ ഉടൻ തന്നെ അവതരിപ്പിക്കാൻ സഹായിക്കും. ഫ്ളൈടെക്സ്റ്റിന്റെ ജനറേറ്റീവ് എ.ഐയുടെ നൂതന ആപ്ലിക്കേഷൻ ഡിജിറ്റൽ ഉത്പ്പന്ന രൂപകൽപയിൽ ഏറെ പുതുമകൾ കൊുവരാനും ഉയർന്ന വിജയ നിരക്ക് ഉറപ്പാക്കാനും പ്രോഡക്റ്റ് മാനേജർമാർക്കു പുതിയ സാധ്യതകൾ തുറന്നു നൽകുമെന്നും അദ്ദേഹം പറഞ്ഞു.

# ടെക്നോപാർക്കിൽ സോളാർ ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷൻ



**തിരുവനന്തപുരം:** ടെക്നോപാർക്കിലെ ആദ്യ സോളാർ ഇലക്ട്രിക് വാഹന (ഇവി) ചാർജിംഗ് സ്റ്റേഷൻ ഉദ്ഘാടനം ചെയ്തു. ടെക്നോപാർക്ക് ക്യാമ്പസിനുള്ളിൽ തന്നെ പ്രവർത്തിക്കുന്ന ചാർജിംഗ് സ്റ്റേഷന്റെ ഉദ്ഘാടനം സിഇഒ കേണൽ സഞ്ജീവ് നായർ നിർവഹിച്ചു. സോളർ ചാർജിംഗ് സ്റ്റേഷൻ ടെക്നോപാർക്ക് ജീവനക്കാർക്ക് മാത്രമായിരിക്കും ലഭ്യമാകുക.ഇവി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ കാഴ്ചപ്പാടിന് അനുസൃതമായാണ് ടെക്നോപാർക്കിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഹൈബ്രിഡ് ഇവി ചാർജിംഗ് സ്റ്റേഷൻ അവതരിപ്പിച്ചിരിക്കുന്നത്. സ്ലോ, ഫാസ്റ്റ് ചാർജിംഗ് ഓപ്ഷനുകളോടെ പ്രവർത്തിക്കുന്ന സ്റ്റേഷനിൽ ഒരേ സമയം ഒരു കാർ ഫാസ്റ്റ് ചാർജ് ചെയ്യാനും ഒന്ന് വീതം ഇരുചക്ര, മുച്ചക്ര വാഹനങ്ങൾ സ്ലോ ചാർജ് ചെയ്യാനും സാധിക്കും. നൂതനമായ 16സണ മോണോ പെർക് ഹാഫ് കട്ട് സോളാർ പാനലുകൾ സ്റ്റേഷനിൽ സജ്ജീകരിച്ചിരിക്കുന്നത്. അത് സൂര്യപ്രകാശത്തെ കാര്യക്ഷമമമായി പ്രയോജനപ്പെടുത്തി വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനുള്ള ശുദ്ധവും പുനരുപയോഗിക്കാവുന്നതുമായ ഊർജ്ജ സ്രോതസ്സായി മാറ്റുന്നു.ഇവി ചാർജിംഗ് സ്റ്റേഷൻ പൂർണമായും രൂപകൽപ്പന ചെയ്തിരിക്കുന്നത് ടെക്നോപാർക്കിലെ തന്നെ എൻജിനീയറിങ് വിഭാഗമാണ്. സൗരോർജ്ജത്തിന് പുറമെ ഇബി, ഡിജി എന്നീ പവർ സ്രോതസുകളുമുള്ളതിനാൽ ചാർജിംഗ് സ്റ്റേഷൻ തടസമില്ലാതെ പ്രവർത്തിപ്പിക്കാനാകുമെന്ന് ജനറൽ മാനേജർ മാധവൻ പ്രവീൺ വ്യക്തമാക്കി.ഫാസ്റ്റ് ചാർജിംഗിന് യൂണിറ്റിന് 15.34 രൂപ സ്ലോ ചാർജിംഗിന് 10.61 രൂപയുമാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. സോളാർ ചാർജിംഗ് സ്റ്റേഷൻകൂടി പ്രവർത്തനം ആരംഭിച്ചതോടെ സുസ്ഥിരതയോടുള്ള അർപ്പണബോധം പ്രകടിപ്പിക്കുകയും പരിസ്ഥിതി സൗഹൃദ ഗതാഗത തിരഞ്ഞെടുപ്പുകൾ നടത്താൻ ജീവനക്കാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയാണ് ടെക്നോപാർക്ക്.

# കൊച്ചിയെ കൂടുതൽ സുന്ദരിയാക്കാൻ നഗരം സുന്ദരം ക്യാംപയിൻ

**കൊച്ചി:** മാലിന്യ സംസ്ക്കരണത്തിന് കൊച്ചിയിൽ നിന്ന് ലോകത്തിന് മികച്ച മാതൃകയുമായി 'നഗരം സുന്ദരം' ക്യാംപയിൻ നടപ്പിലാക്കുന്നു. കൊച്ചി കോർപറേഷനിലെ വിവിധ സംഘടനകളുടെയും ജനങ്ങളുടെയും സഹകരണത്തോടെയാണ് പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നത്. അവരവരുടെ വീടുകളും സ്ഥാപനങ്ങളും പരിസരവും ആദ്യം വൃത്തിയാക്കുന്ന മാസ് ക്ലീൻ(ജനകീയ ശുചീകരണം) ക്യാംപയിനോടെയാകും തുടക്കം. കൊച്ചിയിലെ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് വിവിധ സംഘടനകൾ, ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ച് മാലിന്യസംസ്ക്കരണത്തിൽ ജില്ലയുടെ നോഡൽ ഓഫീസർ കൂടിയായ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പിൽ ഡയറക്ടർ എം.ജി രാജമാണിക്യത്തിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. ഹ്രസ്വകാല, ദീർകാല അടിസ്ഥാനത്തിൽ മാലിന്യം എങ്ങനെ കൈകാര്യം ചെയ്യാം എന്നതിന്റെ അടിസ്ഥാനത്തിലാണ് 'നഗരം സുന്ദരം' ക്യാംപയിൻ ആരംഭിക്കുന്നതെന്ന് എം.ജി രാജമാണിക്യം പറഞ്ഞു. ആദ്യം അവരവരുടെ വീടും പരിസരവും വൃത്തിയാക്കും. അതുപോലെ സ്ഥാപനങ്ങളും. മൊത്തം ജില്ലയെ ഘട്ടംഘട്ടമായി മാലിന്യമുക്തമാക്കുന്ന എന്ന ലക്ഷ്യത്തിലാണ് ക്യാംപയിന് തുടക്കം കുറിക്കുന്നത്. എല്ലാവരുടെയും സഹകരണത്തോടെയാകും പദ്ധതി നടപ്പിലാക്കുന്നത്. രണ്ടു വർഷത്തിനകം ജില്ലയെ പൂർണ്ണമായും മാലിന്യമുക്തമാക്കുവാനാണ് ലക്ഷ്യമിടുന്നത്. മാലിന്യ സംസ്ക്കരണത്തിൽ വ്യക്തിപരമായ ഇടപെടലുകൾ ആവശ്യമാണ്. ഇക്കാര്യത്തിൽ നമ്മൾ എന്തു ചെയ്യുന്നുവെന്നു കൂടി പരിശോധിക്കണം. മനോഭാവത്തിൽ മാറ്റം വരണം. എല്ലാവരും ഒരുമിച്ചു നിന്നാൽ ഗുണപരമായ മാറ്റം ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. വീടുകൾ വൃത്തിയായാൽ നമ്മുടെ ഉത്തരവാദിത്വം തീർന്നുവെന്ന് വിചാരിക്കരുത്. നാട് വൃത്തി ആണോ എന്നുകൂടി ചിന്തിക്കണം. നമ്മുടെ മാലിന്യം സംസ്ക്കരിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണെന്നും അദ്ദേഹം പറഞ്ഞു. പൊതുഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ കൂടുതൽ പിഴ ഈടാക്കുന്ന കാര്യം പരിഗണിക്കുമെന്ന് എം.ജി രാജമാണിക്യം പറഞ്ഞു. കഴിഞ്ഞ മൂന്നു മാസത്തിനിടെ മാലിന്യസംസ്ക്കരണത്തിൽ വലിയമാറ്റമാണ് കൊച്ചിയിൽ ഉണ്ടായിരിക്കുന്നതെന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് പറഞ്ഞു. സർക്കാരും കോർപറേഷനും മികച്ച പ്രവർത്തനങ്ങളാണ് നടത്തുന്നത്. അതിന്റെ ഭാഗമായി എല്ലാവിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചു കൊച്ചി നഗരത്തിൽ നടപ്പിലാക്കുന്ന വലിയ ക്യാംപയിനാണ് നഗരം സുന്ദരം എന്നും കളക്ടർ പറഞ്ഞു. ക്യാംപയിന് തുടക്കമിടുന്നതിന്റെ ഭാഗമായാണ് വിവിധ സംഘടനകളെയും ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് യോഗം ചേർന്നതെന്നും കളക്ടർ പറഞ്ഞു. ഈ ക്യാംപയിനിൽ നഗരത്തിലെ ഓരോ വ്യക്തിയും പങ്കെടുക്കണമെന്നും കൊച്ചിയെ സുന്ദര നഗരമാക്കി മാറ്റുമെന്നും കളക്ടർ പറഞ്ഞു.പൊതുഇടങ്ങളിൽ മാലിന്യം വലിച്ചെറിഞ്ഞതിന് ഈ വർഷം ജില്ലയിൽ 1359 കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തു. ജൂൺ മാസം മാത്രം 153 കേസുകൾ എടുത്തുവെന്നും പോലീസ് പറഞ്ഞു. മാലിന്യ സംസ്ക്കരണത്തിൽ നിലവിൽ കൊച്ചി കോർപറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ സെക്രട്ടറി സെക്രട്ടറി ബാബു അബ്ദുൾ ഖാദർ വിശദികരിച്ചു. യോഗത്തിൽ ജില്ലാ വികസന കമ്മീഷണർ എം.എസ് മാധവിക്കുട്ടി, സ്മാർട്ട് മിഷൻ സിഇഒ ഷാജി നായർ, സബ് കളക്ടർ പി.വിഷ്ണു രാജ്, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, വിവിധ സംഘടനാ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.




# ബിരുദാനന്തര ബിരുദ പ്രവേശനം

**തിരുവനന്തപുരം:** കേരള സർക്കാർ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ്സ് ഡവലപ്പ്മെന്റിന്റെ (ഐ.എച്ച്.ആർ.ഡി) കീഴിൽ കാലിക്കറ്റ് സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോഴിക്കോട് (04952765154, 2768320, 8547005044), താമരശേരി (04952223243, 8547005025), വട്ടംകുളം (04942689655, 8547006802), മുതുവള്ളൂർ (04832963218, 8547005070, 7736913218), വടക്കാഞ്ചേരി (04922255061, 8547005042), അഗളി (04924254699, 9447159505), നാട്ടിക (04872395177,8547005057), ചേലക്കര (0488 4227181, 295181, 8547005064), കൊടുങ്ങലൂർ (04802816270,8547005078)എന്നീ അപ്ലൈഡ് സയൻസ് കോളേജുകളിലേക്ക് 202324 അധ്യയന വർഷത്തിൽ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ കോളേജുകൾക്ക് അനുവദിച്ച 50 ശതമാനം സീറ്റുകളിൽ ഓൺലൈൻ/ഓഫ് ലൈൻ വഴി പ്രവേശനത്തിന് അർഹരായവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ **www.ihrdadmissions.org** വഴി ഓൺലൈനായി സമർപ്പിക്കണം. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട്, നിർദ്ദിഷ്ട അനുബന്ധങ്ങളും, 1,000 രൂപ (എസ്.സി,എസ്.റ്റി 350/രൂപ) രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടച്ച വിവരങ്ങളും സഹിതം പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ ലഭ്യമാക്കണം. വിശദവിവരങ്ങൾക്ക് ഐ.എച്ച്.ആർ.ഡി വെബ്സൈറ്റായ **www.ihrd.ac.in** ൽ ലഭിക്കും.

# സവീത ട്രാൻസ് ഡിസിപ്ലിനറി വാർഷിക ഉച്ചകോടിക്ക് സമാപനം

**ചെന്നൈ:** വിവിധ വിഷയങ്ങളെ സംബന്ധിച്ച് വിദഗ്ധരെ ഉൾപ്പെടുത്തി, ചെന്നൈ ആസ്ഥാനമായുള്ള സവീത സർവകലാശാല സംഘടിപ്പിച്ച പത്താമത് സവീത ട്രാൻസ് ഡിസിപ്ലിനറി വാർഷിക ഉച്ചകോടിക്ക് സമാപനമായി. വിവിധ മേഖലകളിലുള്ള പണ്ഡിതരും ഗവേഷകരും സംബന്ധിച്ച സമാപന സമ്മേളനം ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് ഡെപ്യൂട്ടി ഡയറക്ടർ ഡോ. സുബർണ റോയ് ഉത്ഘാടനം ചെയ്തു. അറുനൂറോളം ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ അവതരിപ്പിച്ച 3217 പോസ്റ്ററുകൾ ശ്രദ്ധേയമായി. ഗവേഷണത്തിലൂന്നിയ പോസ്റ്ററുകളായിരുന്നു ഇവയെല്ലാം. അതിനിടെ, പരമാവധി നൂതനമായ ശാസ്ത്രീയ അവതരണങ്ങൾ ഒരുമിച്ച് പ്രദർശിപ്പിക്കുന്ന ആദ്യത്തെ ഡെന്റൽ സ്ഥാപനം എന്ന അമേരിക്കൻ ബുക്ക് ഓഫ് വേൾഡ് റെക്കോർഡും സവീത ഡെന്റൽ കോളേജ് കരസ്ഥമാക്കി. മികച്ച പോസ്റ്റർ സൃഷ്ടികൾക്ക് പുരസ്കാരവിതരണവും നടന്നു.ചടങ്ങിൽ എംജിആർ മെഡിക്കൽ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ. സുധ ശേഷയ്യൻ, ഇന്ത്യൻ ഡെന്റൽ അസോസിയേഷൻ പ്രസിഡന്റ് ഡോ. രാജീവ് കുമാർ ചുഗ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിദ്ധയുടെ ഡയറക്ടർ ജനറൽ ഡോ. മീന കുമാരി, ഐസിഎംആർ ഹൈദരാബാദ് ഡയറക്ടർ ഡോ. രാമചന്ദ്ര ഗുഡ്ഡെ, ട്രിവിട്രോൺ ഗ്രൂപ്പ് ഓഫ് കമ്പനീസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ജി എസ് കെ വേലു, ഓറൽ & മാക്സിലോഫേഷ്യൽ റേഡിയോളജി അസോസിയേറ്റ് പ്രൊഫസർ ഡോ. സഞ്ജയ് മലയ തുടങ്ങിയ പ്രമുഖർ സംബന്ധിച്ചു. ഗവേഷണ സഹകരണം പ്രോത്സാഹിപ്പിക്കുകയും ദന്തചികിത്സാ മേഖലയിലെ ശാസ്ത്രീയ സംഭാവനകളെ അംഗീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്നതാണ് ട്രാൻസ് ഡിസിപ്ലിനറി വാർഷിക ഉച്ചകോടി.

